# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 13/1819/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 13/1819/2023 തീയ്യതി: 07/09/2023

## മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2022 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ.കെ , കെ.എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ. പി.,ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫാറൂഖ്.കെ.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനീത് ബാബു.കെ.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സുജിത പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാനുപ്പ മാസ്റ്റർ (മൊയ്തീൻ കുട്ടി കെ) | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രീലത എം. എസ്. | സെക്രട്ടറി | 01-04-2022 | 31-01-2023 |
| ശ്രീ പ്രദീപ് കുമാർ എം ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2023 | 06-02-2023 |
| ശ്രീമതി താഹിറ എൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് എസ്. ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-04-2022 |
| ശ്രീ. സുനിൽ കുമാർ എം ആർ | അസിസ്റ്റന്റ് സെക്രട്ടറി | 23-04-2022 | 14-10-2022 |
| ശ്രീ പ്രദീപ് കുമാർ എം ആർ | അസിസ്റ്റന്റ് സെക്രട്ടറി | 15-10-2022 | 31-03-2023 |
| ശ്രീമതി. മഞ്ജു മോഹനൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഫിബി മോൾ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീമതി. അംബിക പൊറ്റേക്കാട്ട് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി. അമ്പിളി. പി | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2022 | 28-01-2023 |
| ശ്രീമതി. റെഹീന എം | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 29-01-2023 | 31-03-2023 |
| ശ്രീമതി. റീജ കെ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ഫൈസൽ യൂസഫ് | വെറ്ററിനറി സർജൻ | 01-04-2022 | 22-06-2022 |
| ഡോ. കൃഷ്ണകുമാർ കെ | വെറ്ററിനറി സർജൻ | 23-06-2022 | 15-02-2023 |
| ഡോ. ഫെബിന സി | വെറ്ററിനറി സർജൻ | 16-02-2023 | 31-03-2023 |
| ഡോ. സജീന. കെ. .എ. | മെഡിക്കൽ ഓഫീസർ, | 01-04-2022 | 20-04-2022 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ഡോ. പി മുഹമ്മദ് മുനീർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 21-04-2022 | 24-04-2022 |
| ഡോ. പി മുഹമ്മദ് മുനീർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-04-2022 | 31-05-2022 |
| ഡോ. സജീന. കെ. .എ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-06-2022 | 24-07-2022 |
| ഡോ. അബ്ദുൾ ഗഫൂർ സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-07-2022 | 17-08-2022 |
| ഡോ. സലീന. കെ. .കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-08-2022 | 16-12-2022 |
| ഡോ. അബ്ദുൾ ഗഫൂർ സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-12-2022 | 11-02-2023 |
| ഡോ. പി മുഹമ്മദ് മുനീർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 12-02-2022 | 01-03-2023 |
| ഡോ. ഷഫ്ന മറിയം വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 02-03-2023 | 31-03-2023 |
| ഡോ. ഫാത്തിമ | മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) | 01-04-2022 | 01-06-2022 |
| ഡോ. അലി പി എം | മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) | 02-06-2022 | 31-03-2023 |
| ശ്രീ . സോമൻ പി വി | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന വി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന . വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകക**ൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | അനുബന്ധരേഖകൾ ഇല്ല | 1-1-6 |
| 8 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വിവാഹ ധനസഹായം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (Receipts & Payment പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാ**ൻ** അവശേഷിക്കുന്ന മു**ൻ**കൂറുകൾ -അവലോകനം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-12 |
| 22 | വാഹന വാടക -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 1-13 |
| 23 | പരിരക്ഷ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-14 |
| 24 | പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-15 |
| 25 | വാങ്ങൽ നടപടികൾ GeM മുഖേന ആയിരിക്കേണ്ടതാണ്. | 1-16 |
| 26 | എസ്.എസ്.കെ വിഹിതം -വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹12,00000/- തടസ്സം ചെയ്യുന്നു. | 1-17 |
| 27 | എസ്.സി. വനിതകൾക്ക് വാട്ടർ ടാങ്ക് - ടെണ്ടർ നടപടികളിലെ വീഴ്ച- | 1-18 |

| | | |
|---|---|---|
| | 50,625/- രൂപ നഷ്ടം | |
| 28 | ഗവ. ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന വാങ്ങൽ -മരുന്നുകൾ ലഭ്യമായില്ല | 1-19 |
| 29 | ആയുർവേദ ഡിസ്പൻസറി മെയിന്റനൻസ് - കരാറുകാരന് അധികം നൽകിയത് 5214 രൂപ. | 1-20 |
| 30 | മുക്കിലപീടിക-കുണ്ട് കുളങ്ങരപ്പടി അഴുക്ക് ചാൽ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു– കരാറുകാരന് അധികം നൽകിയത് 23,937 രൂപ | 1-21 |
| 31 | കളരിക്കൽ തിരുത്ത് പാടം ട്രാക്റ്റർ റാമ്പ് നിർമ്മാണം - അപാകത – കരാറുകാരന് അധികം നൽകിയത് 6253 രൂപ | 1-22 |
| 32 | അമ്പാൾ അങ്കൺവാടി നമ്പർ 60 ഷീറ്റ് റൂഫിംഗ് - തെറ്റായ നിരക്ക് നൽകി- കരാറുകാരന് അധികം നൽകിയത് 4214 രൂപ | 1-23 |
| 33 | റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി-നഷ്ടം 8075 രൂപ | 1-24 |
| 34 | വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി - തെറ്റായ നിരക്ക് നൽകി- കരാറുകാരന് അധികം നൽകിയത് 5455 രൂപ | 1-25 |
| 35 | ചെറുപറമ്പ് -പുളിയമ്പറ്റക്കുഴി കുടിവെള്ള പദ്ധതി - കരാറുകാരന് അധിക നിരക്ക് നൽകി. - പ്രവൃത്തിയിലെ അധിക ചെലവ് 9460 രൂപ | 1-26 |
| 36 | മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല – നഷ്ടം 48739 രൂപ | 1-27 |
| 37 | ആയുർവേദ ഡിസ്പൻസറി കിണർ മെയ്ന്റനൻസ് - GST ഇനത്തിൽ അധിക ചെലവ് വന്നു- 5575 രൂപ. | 1-28 |
| 38 | MCF കെട്ടിട നിർമ്മാണം -ചെലവ് 11, 9048 രൂപ – പാഴ് ചെലവിലേക്ക് പോകുന്നു. | 1-29 |
| 39 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല- ബാങ്കിലെ നീക്കിയിരിപ്പ് 204942 രൂപ | 1-30 |
| 40 | അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല. | 1-31 |
| 41 | റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് സംബന്ധിച്ച് | 1-32 |
| 42 | വാട്ടർ ടാങ്ക് -ലേലവിവരം സംബന്ധിച്ച് | 1-33 |
| 43 | IKM വിഹിതം അടവാക്കൽ- തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമമാക്കേണ്ടതാണ് | 1-34 |
| 44 | മഴക്കാല പൂർവ ശുചീകരണപ്രവർത്തനങ്ങൾക്കു വേണ്ടി വാർഡ് തല ശുചിത്വ കമ്മറ്റികൾക്ക് വിതരണം ചെയ്ത തുക ചെലവഴിച്ചിട്ടില്ല | 1-35 |
| 45 | തെരുവ് വിളക്ക് റിപ്പയർ-അപാകതകൾ | 1-36 |
| 46 | മിനി മാസ്റ്റ് റിപ്പയർ- നിയമാനുസൃത നികുതികൾ ഈടാക്കിയില്ല | 1-37 |

| | | |
|---|---|---|
| 47 | ആശ്രയ പദ്ധതി - തുക ചെലവഴിച്ചില്ല. | 1-38 |
| 48 | വിവിധ ഏജൻസികളിൽ നിക്ഷേപിച്ച മുൻകൂർ തുക- വിനിയോഗ / പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-39 |
| 49 | ഉത്സവ മുൻകൂർ -തിരിച്ചടക്കാനുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 1-40 |
| 50 | ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് തുക ചെലവഴിക്കൽ - ചെലവിന്നാധാരമായ സർക്കാർ അനുമതി രേഖയും ആസ്തികളുടെ ഡോക്യുമെന്റേഷനുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-41 |
| 51 | നഞ്ച ഭൂമിയിലെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചത് സംബന്ധിച്ച് | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്.സി. വനിതകൾക്ക് വാട്ടർ ടാങ്ക് - ടെണ്ടർ നടപടികളിലെ വീഴ്ച- 50,625/- രൂപ നഷ്ടം | 3-1 |
| 2 | ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ് - കരാറുകാരന് അധികം നൽകിയത് 5214 രൂപ. | 3-2 |
| 3 | മുക്കിലപീടിക-കുണ്ട് കുളങ്ങരപ്പടി അഴുക്ക് ചാൽ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു– കരാറുകാരന് അധികം നൽകിയത് 23,937 | 3-3 |
| 4 | കളരിക്കൽ തിരുത്ത് പാടം ട്രാക്റ്റർ റാമ്പ് നിർമ്മാണം - അപാകത – കരാറുകാരന് അധികം നൽകിയത് 6253 രൂപ | 3-4 |
| 5 | അമ്പാൾ അങ്കൺവാടി നമ്പർ 60 ഷീറ്റ് റൂഫിംഗ് - തെറ്റായ നിരക്ക് നൽകി-കരാറുകാരന് അധികം നൽകിയത് 4214 രൂപ | 3-5 |
| 6 | റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി-നഷ്ടം 8075 രൂപ | 3-6 |
| 7 | വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി - തെറ്റായ നിരക്ക് നൽകി-കരാറുകാരന് അധികം നൽകിയത് 5455 രൂപ | 3-7 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/7.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തീയതി :
മലപ്പുറം

## 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 9041370/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 7090830/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

എ) അഡ്വാൻസ് രജിസ്റ്ററിൽ തൻവർഷത്തെ മുൻകൂറുകൾ ആർക്കെല്ലാമാണ് നൽകിയിട്ടുള്ളത് എന്ന്

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈയിനത്തിലുള്ള മുന്നിരിപ്പിനെ സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഇല്ല.
ബി) വാർഷിക കണക്കുപ്രകാരം (RP-5) ലേലമിനത്തിൽ 41923/- രൂപയുടെ വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ 26118/- രൂപയുടെ വരവ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
സി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള റവന്യൂചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book (Financial Statement)- 16345029

AFS (I-14C) - 44769002

ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള മെറ്റീരിയൽ വർക്കിനുള്ള ചെലവ് 8260076/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് B-3 യിൽ ബുക്ക് ചെയ്തിട്ടുള്ളത് 5403103/- രൂപയാണ് .
ഇ) തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

### 1-1-4 തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു

എ) വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-11 B (Capital Work In Progress) ഷെഡ്യൂൾ പ്രകാരം 3226270/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2707980/- രൂപ പർച്ചേസുമായി ബന്ധപ്പെട്ട തുക 2021-22 വാർഷിക കണക്ക് മുതൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ളതാണ്.
ബി) ഡെപ്പോസിറ്റ് വർക്കിനായി പ്രൊ. നം 177/23 പ്രകാരം റോഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് 100000/- രൂപ കെ എസ് ഇ ബിക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇത് വാർഷിക കണക്കിൽ (RP-49) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-6 അനുബന്ധരേഖകൾ ഇല്ല

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

### 1-1-7 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾ B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

| ക്രമ നം | ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|---|
| 1 | Panchayath Yuva Krida Aur Khel Abhiyan | 14238 | 14966 |
| 2 | TSC | 802406 | 676106 |
| 3 | SANITATION | 9696 | 11797 |
| 4 | LITERACY | 1696 | 1764 |
| 5 | CFC | 3379097(TIED + | 2578506 |

| | | | |
|---|---|---|---|
| | | UNTIED) | |

## 1-1-8 വിവാഹ ധനസഹായം ഉൾപ്പെടുത്തിയിട്ടില്ല.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി 420000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ(I-14(D) ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-9 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/26.03.2022 | 1(1)/03.03.2023 |

## 1-3 സാമ്പത്തിക വിശകലനം (Receipts & Payment പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15462536 |
| വരവ് | 204805466 |
| ആകെ | 220268002 |
| ചെലവ് | 197714636 |
| നീക്കിയിരിപ്പ് | 22553366 |

കുറിപ്പ്

2021-22 വാർഷിക കണക്ക് പ്രകാരം 31-03-2022 ലെ നീക്കിയിരുപ്പ് 15462516/- ആണ്. അപാകത വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18349451 | 18349451 | 18173711 | 175740 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 7314622 | 7314622 | 7314622 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 6871700 | 6871700 | 4380955 | 2490745 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5556000 | 5556000 | 5307512 | 248488 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 7956664 | 7956664 | 6552819 | 1403845 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3503310 | 3503310 | 4038599 | -535289 |
| ബി ഫണ്ട് | 0 | 46208600 | 46208600 | 46208600 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 199418148 | 225 | 96188818 | 0 | 33 | 87.20 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15392 | 1035880 | 1051272 | 1034753 | 16519 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25623339 | 25623339 | 25623339 | 0 |
| ആകെ | | | | 25639858 | 16519 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1801600 | 170 |
| വിധവാപെൻഷൻ | 13278600 | 1242 |
| വാർദ്ധക്യകാലപെൻഷൻ | 25980200 | 2488 |
| വികലാംഗപെൻഷൻ | 4048000 | 372 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 980200 | 91 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2023 ന് 04.00PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36635/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. നികുതി വരുമാനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും നികുതി പുരോഗതി വിലയിരുത്തുന്ന കാര്യത്തിലും ധനകാര്യ സ്ററാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ട്രഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

4. ഹരിത കർമ്മസേനക്ക് വേണ്ടി നിർമ്മിച്ച MCF കെട്ടിടം യാത്രാ സൗകര്യം ഇല്ലാത്തതിനാൽ ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്നു. (പ്രത്യേക ഖണ്ഡിക പരാമർശിച്ചത് കാണുക)

5. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാവാതെ കിടക്കുന്നു.

6. KFC Article 40 C പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകളിൽ സാമ്പത്തിക വർഷാവസാനം ചെലവഴിക്കാത്ത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കണം. എന്നാൽ കണ്ടിജന്റ് ചെലവുകൾ വഹിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (NR) പിൻവലിച്ച് മുൻകൂർ ഇനത്തിൽ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ തുകകളിൽ മാർച്ച് 31 നകം ചെലവഴിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 | 01.04.2022 മുതൽ 31.07.2022 വരെ | ലഭ്യമായിട്ടില്ല |
| എ.ജി ഓഡിറ്റ് | 05.12.2015 മുതൽ 19.12.2015 വരെ | 2010 മുതൽ 2011 വരെ | 18.01.2016 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, 60 M2 താഴെയുള്ള കെട്ടിടങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് എടുക്കുന്നതിനും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ഫീൽഡ് സ്റ്റാഫിനെ ഉപയോഗപ്പെടുത്തുന്നതും , വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. 05.11.2022 ലെ തീരുമാനം (5) പ്രകാരം നികതി പിരിവ് 100% കൈവരിക്കുന്നതിന് മെമ്പർമാരുടെ സഹകരണത്തോടെ ക്യാമ്പ് ചെയ്ത് നികുതി പിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതേ തീയതിയിലെ തീരുമാനം (6) പ്രകാരം പഞ്ചായത്തിലെ ലൈസൻസില്ലാതെ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത്തരം കടകളിലും സ്ഥാപനങ്ങളിലും അടിയന്തിര സന്ദർശനം നടത്തി ലൈസൻസ് എടുക്കുന്നതിനും നികുതി ചുമത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെ ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 52,00,000 | 4755306 | 444694 |
| Profession Tax | 18,00,000 | 1422020 | 377980 |
| Rental Income | 1000 | 200 | 800 |
| Licence Fees | 1,80,000 | 160270 | 19730 |
| Building Permit | 5,00,000 | 431839 | 68161 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാക്കുന്നതാണ്.

വസ്തുനികുതി

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

26.06.2023 ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ 2(1) നമ്പർ തീരുമാന പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചു.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് അടിസ്ഥാനമാക്കി കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ച് തീരുമാനിച്ചു.

3. ചട്ടം 7 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കുന്നതിന് തീരുമാനിച്ചു.

മേൽ ഭരണ സമിതി തീരുമാനങ്ങൾ 1729/2023 തിയ്യതി 15.07.2023 നമ്പർ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ച് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ ഈ മാറ്റം വരുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. ഇത് കാരണം, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, അന്തിമ വിജ്ഞാപനം വരുന്ന മുറക്ക് പുതിയ നിരക്കിൽ ഈടാക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 300 ൽ പരം അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ

എൻടിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. ഇത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നുണ്ട്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തേണ്ടതില്ലെന്ന് തിരുമാനിച്ചിട്ടുണ്ട്., തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ് ) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

ലൈസൻസ് ഫീസ്

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച്

പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല.

2.പഞ്ചായത്ത് പരിധിയിലെ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05.11.2022 ലെ തീരുമാനം (6) പ്രകാരം പഞ്ചായത്തിലെ ലൈസൻസില്ലാതെ പ്രവ‍ൃത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത്തരം കടകളിലും സ്ഥാപനങ്ങളിലും അടിയന്തിര സന്ദർശനം നടത്തി ലൈസൻസ് എടുക്കുന്നതിനും നികുതി ചുമത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ നടപടിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ കടകളും സ്ഥാപനങ്ങളും പ്രവ‍ൃത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്

മറ്റിനങ്ങൾ

1. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.പഞ്ചായത്തിലെ കാലഹരണപ്പെട്ട ആസ്തികൾ, പാഴ്‌വസ്തുക്കൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 1.പൊതു ടാപ്പുകൾക്ക് പൈപ്പിടൽ S022/12 | 2012-13 | KWA | 80000 | വികസന ഫണ്ട് | 0 | 80000 |
| 2 | 2.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S0153/13 | DO | KWA | 30159 | വികസന ഫണ്ട് | 0 | 30159 |
| | | | | 269841 | തനത് ഫണ്ട് | 0 | 269841 |
| 3 | പ്രൊജക്ട് നം. 171/13-14 വാട്ടർ | 2013-2014-15 | KWA | 330838 | തനത് ഫണ്ട് | 0 | 330838 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അതോരിറ്റി പൈപ്പ് ലൈൻ വിവിധ കോളനികളിലേക്ക് നീട്ടൽ | | | | | | |
| 4 | പ്രൊജക്റ്റ് നം. 159/13-14 വാട്ടർ അതോരിറ്റി പൈപ്പ് ലൈൻ നീട്ടൽ | DO | KWA | 300000 | വികസന ഫണ്ട് | 0 | 300000 |
| 5 | പ്രൊജക്റ്റ് നം. 177/14-15 വാട്ടർ അതോരിറ്റി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 4 | Do | KWA | 196753 | വികസന ഫണ്ട് | 0 | 196753 |
| 6 | പ്രൊജക്റ്റ് നം. വാട്ടർ അതോരിറ്റി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 4 | Do | KWA | 28247 | വികസന ഫണ്ട് | 0 | 28247 |
| 7 | പ്രൊജക്റ്റ് നം. 159/14-15 വാട്ടർ അതോരിറ്റി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 3,13,15 | DO | KWA | 400000 | വികസന ഫണ്ട് | 0 | 400000 |
| 8 | S0117/15 അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | Do | KWA | 60000 | വികസന ഫണ്ട് | 0 | 60000 |
| 9 | അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ | 2015-16 | KWA | 353396 | രേഖപ്പെടുത്തിയിട്ടില്ല | 0 | 353396 |
| 10 | ഇരിമ്പിളിയം -വളാഞ്ചേരി ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി | 2015-16 | KWA | 353396 | രേഖപ്പെടുത്തിയിട്ടില്ല | 0 | 353396 |
| 11 | സ്ട്രീറ്റ് മെയിൻ മാറ്റി സ്ഥാപിക്കൽ | 2016-17 | KSEB | 2,00,000 | വികസന ഫണ്ട് | 0 | 2,00,000 |
| 12 | സ്ട്രീറ്റ് മെയിൻ മാറ്റി സ്ഥാപിക്കൽ | 2017-18 | KSEB | 2,00,000 | വികസന ഫണ്ട് | 0 | 2,00,000 |
| 13 | നെല്ലാണിപൊറ്റ കോളനി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2017-18 | KSEB | 32344 | വികസന ഫണ്ട് | 0 | 32344 |
| 14 | റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB അസിസ്റ്റന്റ് എഞ്ചിനീയർ, | 2017-18 | KSEB<br>-<br>„ | 36203<br>908<br>13797 | തനത് ഫണ്ട്<br>„<br>„ | 0<br>0 | 50908 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വളാഞ്ചേരി | | | | | | |
| 15 | എം.ഇ.എസ്. ഐ.ടി.സി.റോഡ് കുടിവെള്ള പൈപ് നീട്ടൽ | 2018-19 | KWA | 4000 | ലഭ്യമല്ല | 0 | 4000 |
| 16 | മമ്മിപീടിക ചോലപ്പാടം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2018-19 | KWA | 10000 | ലഭ്യമല്ല | 0 | 10000 |
| 17 | പ്രദീപ് ഡോക്ടർപ്പടി-കായൽപ്പാടം പൈപ്പ് ലൈൻ നീട്ടൽ | 2018-19 | KWA | 130000 | തനത് ഫണ്ട് | | 130000 |
| 18 | പ്രദീപ് ഡോക്ടർപ്പടി-കായംപള്ളത്ത് പൈപ്പ് ലൈൻ നീട്ടൽ | 2018-19 | KWA | 85000 | ലഭ്യമല്ല | 0 | 85000 |
| 19 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 2018-19 | KWA | 300000 | ലഭ്യമല്ല | 0 | 300000 |
| 20 | വാട്ടർ കണക്ഷൻ-വെറ്ററനറി ഹോസ്പിറ്റൽ | 2019-20 | വാട്ടർ അതോറിറ്റി | 15000 | തനത് ഫണ്ട് | 0 | 15000 |
| 21 | കണക്കർകാവ് -ആനക്കരപാടം 215/20 ജലസേചന പദ്ധതി വൈദ്യുതി കണക്ഷൻ എടുക്കൽ | 2019-20 | KSEB | 20160 | തനത് ഫണ്ട് | 0 | 20160 |
| 22 | പുറമണ്ണൂർ അഗരിക്കടവ് റോഡിലെ പോസ്റ്റ് മാറ്റൽ | 2019-20 | KSEB | 50488 | വികസന ഫണ്ട് | 0 | 50488 |
| 23 | 145/21 പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 58296 | | 0 | 58296 |
| 24 | 208/21 സ്ട്രീറ്റ് ലൈനിനു വേണ്ടി പ്രത്യേക ലൈൻ വലിക്കൽ | 2020-21 | KSEB | 300000 | തനത് ഫണ്ട് | 0 | 300000 |
| 25 | 248/21 പുളിയംകുന്ന് കോളനി പൈപ്പ് ലൈൻ | 2020-21 | KWA | 200000 | - | 0 | 200000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എക്സ്റ്റൻഷൻ | | | | | | |
| 26 | കാരാപറമ്പ് ജനറൽ കുടിവെള്ള പദ്ധതി (183/22) | 2021-22 | KSEB ഇലക്ട്രിക്കൽ സെക്ഷൻ കുറ്റിപ്പുറം | 214961 | തനത് ഫണ്ട് | 0 | 214961 |
| 27 | 147/22 റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2021-22 | KSEB | 18678 | തനത് ഫണ്ട് | 0 | 1867 |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകളിൽമേൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി (1/25-7-23)ന് മറുപടി നൽകുകയോ രേഖകൾ/ തൽസ്ഥിതി വിശദാംശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ചെലവഴിക്കപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകയിൽ തനത് ഫണ്ട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്കും വിതസന ഫണ്ട് അതത് ശീർഷകങ്ങളിലും തിരിച്ചടക്കേണ്ടതാണ്.

## 1-13 വാഹന വാടക -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. ഇരിമ്പിളിയം)നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പരിരക്ഷ (കിടപ്പിലായ രോഗികൾക്ക് പാലിയേറ്റീവ് പ്രവർത്തനങ്ങൾ) 48/23 പ്രോജക്ടിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം 842 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ രൂപ കരാറുകാരന് (ശ്രീ.അച്ചുതൻ പി. KL 55 V 82)നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000രൂപയിൽ അധികരിക്കുന്നു എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ നം./വൗച്ചർ നം/തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| 22150852036800239886/25.06.22 | 26944 | 1583 |
| 22150852036800332597/20.07.22 | 13472 | |
| 22150852036800434008/20.08.22 | 13472 | |
| 22150852036800496107/1.09.22 | 13472 | |
| 22150852036800698395/28.10.22 | 13472 | |
| 22150852036800788475/18.11.22 | 13472 | |
| 22150852036800877265/07.12.22 | 13472 | |
| 22150852036801062179/19.01.23 | 9262 | |
| 22150852036801145848/06.02.23 | 13472 | |
| 22150852036801279950/03.03.23 | 14314 | |
| 22150852036801415213/21.03.23 | 13472 | |
| ആകെ | 158296 | |

കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനും തുക ഈടാക്കി വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 4/23 തീയതി 31.07.2023) ലഭ്യമാക്കിയ മറുപടിയിൽ ആദായ നികുതി അടവാക്കണമെന്ന് അറിവില്ലായിരുന്നു എന്നും തുടർ വർഷങ്ങളിൽ ആയത് കൃത്യമായി പാലിക്കാമെന്നും അറിയിച്ചു.

ആദായ നികുതിയിനത്തിൽ മേൽ പ്രകാരമുള്ള തുക ഈടാക്കി അടവ് വിവരം അറിയിക്കേണ്ടതാണ്.

## 1-14 പരിരക്ഷ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് - 48/23 പരിരക്ഷ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. ഇരിമ്പിളിയം

അടങ്കൽ- 8,69,000/-(വികസന ഫണ്ട് പൊതു വിഭാഗം 7,69,000 , മെയിന്റനൻസ് ഫണ്ട് റോഡിതരം-100000)

ആകെ ചെലവ്- 8,69,000/-

ബിൽ നമ്പർ 22150852036800851658/29.11.2022- ₹1,00000/-

22150852036800882216/07.12.2022- ₹3,00000/-

(ചെലവ് തുകയിൽ ബാക്കിയുള്ള തുക പരിരക്ഷ നഴ്സ് ഹോണറേറിയം, ടീം അംഗങ്ങളുടെ ഭക്ഷണം, വാഹന വാടക എന്നിവയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്)

1)പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് മെഡിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബില്ലുകൾ പ്രകാരമുള്ള തുക മുൻകൂർ നൽകിയിട്ടുണ്ട്.

പദ്ധതിയിൽ നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയിസ് നം. | ഇൻവോയിസ് നം./ തീയ്യതി | തുക | ഇനിയും ലഭിക്കാനുള്ള മരുന്നുകൾ |
|---|---|---|---|
| PRF2649/29.11.2022 ₹1,00000 | 9652/17.06.2023 | 2384 | 97,616 |
| PRF2706/01.12.2022 ₹3,00000 | 9538/16.06.2023 | 1,32,099 | 143950 |
| | 11102/30.06.2023 | 23951 | |

2) 07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറിപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

എ)മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ബി) മേൽ ഉത്തരവ് ഖണ്ഡിക 2.8.ബി പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനു മുൻപും പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോമാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി,എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന്റെ പി,എം.സി മിനുട്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ 3 തവണ മാത്രമാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്(29.08.22, 1.9.22, 21.3.23). പി.എം.സി.യുടെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

അവശേഷിക്കുന്ന തുകകളുടെ മരുന്നുകൾ കൂടി ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കാനും മറ്റ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/23 തീയതി.31.07.2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്ഥാപനത്തിനെ കത്തു മുഖേനയും ഫോൺ മുഖേനയും ബന്ധപ്പെടുന്നുണ്ടെന്നും രോഗികളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതാണെന്നും പി.എം.സി.മീറ്റിംഗ് കൃത്യമായി ചേരുന്നതാണെന്നും അറിയിച്ചു.

അവശേഷിക്കുന്ന തുകകളുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ പരിശോധനയക്ക് ഹാജരാക്കേണ്ടതും മറ്റ അപാകതകൾ തുടർ വർഷത്തെ നിർവ്വഹണത്തിൽ പരിഹരിക്കേണ്ടതുമാണ്.

## 1-15 പി.എച്ച്.സിയ്ക്ക് മരുന്ന വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് - 42/23 പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. ഇരിമ്പിളിയം

അടങ്കൽ- 11,00000/-(തനത് ഫണ്ട് 200000 , മെയിന്റനൻസ് ഫണ്ട് റോഡിതരം-900000)

ആകെ ചെലവ്- 11,00000/-

ബിൽ നമ്പർ 22150852036800806851/23.11.2022- ₹7,00000/-

പ്രോജക്റ്റ് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് മെഡിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരമുള്ള തുക മുൻകൂർ നൽകിയിട്ടുണ്ട്. (ചെലവ് തുകയിൽ ബാക്കിയുള്ള തുകക്ക് അത്യാവശ്യ മരുന്നുകൾ നീതി മെഡിക്കൽസിൽ നിന്നും ലഭ്യമായിട്ടുണ്ട്)

(പ്രോഫോർമ ഇൻവോയിസ് നം. PRF2378/18.11.2022 ₹7,00000)

പദ്ധതിയിൽ നാളിതുവരെ ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./ തീയ്യതി | തുക |
|---|---|---|
| 1 | 11958/07.07.2023 | 220208 |
| 2 | 11966/07.07.2023 | 32912 |
| 3 | 12028/08.07.2023 | 4816 |
| | ആകെ | 257936 |

അവശേഷിക്കുന്ന 4,42,064/- (7,00000- 2,57,936 )രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7/23 തീയതി 31.07.2023) നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്ഥാപനത്തെ കത്തു മുഖനയും ഫോൺ മുഖേനയും ബന്ധപ്പെടുന്നുണ്ടെന്ന് അറിയിച്ചു.

അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 വാങ്ങൽ നടപടികൾ GeM മുഖേന ആയിരിക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ- 216/23 എജ്യൂ അറ്റ് ഇരിമ്പിളിയം-സമഗ്ര വിദ്യാഭ്യാസ പരിപാടി.
നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ
അടങ്കൽ-3,00,000/-(വികസന ഫണ്ട് പൊതു വിഭാഗം)
ബിൽ നമ്പർ - BRN 22150852037001106190/28.01.2023-₹ 2,17,800/-

മേൽ പ്രോജക്റ്റ് പ്രകാരം സ്കൂളുകൾക്ക് പോർട്ടബിൾ മൈക്ക് സെറ്റ് വിതരണം ചെയ്യുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ കെ.പി.എം എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 2,17,800/-രൂപ (ഇൻവോയ്സ് നമ്പർ 042/27.01.2023 ) നൽകി 11 സൗണ്ട് ബോക്സുകൾ(ബി.ടി.എ 660) വാങ്ങിയിട്ടുള്ളത് (ഒന്നിന് 19800/- രൂപ പ്രകാരം).

GeM മുഖേനയല്ലാതെ മേൽ വാങ്ങൽ നടപടികൾ സ്വീകരിക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിക്ക് (നമ്പർ.8/23തീയതി.31.07.2023) നൽകിയ മറുപടിയിൽ സാധനങ്ങളും സേവനങ്ങളും ജെം മുഖേനെയാണ് സമാഹരിക്കേണ്ടതെന്ന് അറിയില്ലായിരുന്നെന്നും വരും വർഷങ്ങളിൽ ജെം മുഖേന സമാഹരിക്കാൻ പറ്റുന്നവയെല്ലാം അത്തരത്തിൽ മാത്രമേ ചെയ്യുകയുള്ളുവെന്നും അറിയിച്ചു.

വാങ്ങൽ നടപടികൾ മേൽ ഉത്തരവിനനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 എസ്.എസ്.കെ വിഹിതം -വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹12,00000/- തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്ററർ
1.പ്രോജക്റ്റ് : S00217/2023 എസ്.എസ്.കെ വിഹിതം കൈമാറൽ
അടങ്കൽ - 8,00,000 (വികസന ഫണ്ട് )
BRN: 2215085037000617117/01-10-2022 : 8,00,000/-

2. പ്രൊജക്ട് : S00218/2023എസ്.എസ്.കെ വിഹിതം അടവാക്കൽ-എസ്.സി.പി.

അടങ്കൽ - 4,00,000 (എസ്.സി.പി)

BRN: 2215852037000617114/01-10-2022 : 4,00,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 12,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം . തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 12,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. (20.06.2023 ലെ എ-164623/എസ്.എസ്.കെ. പ്രകാരം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗ രേഖ അനുശാസിക്കും പ്രകാരമുള്ളതല്ല).

വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 5/23 തീയതി 31.07.2023) ന് ലഭ്യമാക്കിയ മറുപടിയിൽ വിശദാമായ ധന വിനിയോഗ സാക്ഷ്യപത്രം അനുവദിക്കുന്ന പതിവില്ലെന്ന് ബ്ലോക്ക് പ്രോഗ്രാം കൺവീനർ അറിയിച്ചെന്ന് അറിയിച്ചു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പ്രോഗ്രാം കൺവീനർക്ക് 02.08.2023 ലെ 5/23 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-18 എസ്.സി. വനിതകൾക്ക് വാട്ടർ ടാങ്ക് - ടെണ്ടർ നടപടികളിലെ വീഴ്ച- 50,625/- രൂപ നഷ്ടം

പ്രോജക്ട് നമ്പർ- 188/23 എസ്.സി. വനിതകൾക്ക് വാട്ടർ ടാങ്ക്

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-3,00,000/-(എസ്.സി.പി. ഫണ്ട് 2,25,000/-, ഗുണഭോക്തൃ വിഹിതം 75,000/-)
ചെലവ് – 236250

ബിൽ നമ്പർ - BRN 22150852026701353002/15.03.2023-₹ 1,00,032/-(എസ്.സി.പി. ഫണ്ട് )

BRN 22150852026701132022/0302.2023-₹ 77,155/-(എസ്.സി.പി. ഫണ്ട് )

വൗച്ചർ നമ്പർ 22200867/03.02.2023 - ₹32,287/- (സ്ഥാപനത്തിൽ അടവാക്കിയ ഗുണഭോക്തൃ വിഹിതം)

വൗച്ചർ നമ്പർ 22201136/31.03.2023-₹26,776/- (സ്ഥാപനത്തിൽ അടവാക്കിയ ഗുണഭോക്തൃ വിഹിതം)

ആകെ -2,36,250/-

എസ്.സി. വനിതകൾക്ക് 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കിയും 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജകട് വിഭാവനം ചെയ്തത്. മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോഴ്സ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള

മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ Zain Electro World & Cook Ware , Vilathur. Palakkad എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 2,36,250/-രൂപ (ഇൻവോയ്സ് നമ്പർ B2C 264/24.01.2023 129150 -41 എണ്ണം, B2C 276/26.01.2023 34 എണ്ണം) നൽകിയാണ് 75വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുള്ളത് (ഒന്നിന് 3150/- രൂപ പ്രകാരം).

വാട്ടർ ടാങ്ക് വാങ്ങുന്നതിന് ടെണ്ടറുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ. നം. | സ്ഥാപനം | ഭാരം(വാട്ടർ ടാങ്ക് -3 Layers White 500 Litre) | വില | റിമാർക്സ് |
|---|---|---|---|---|
| 1 | Zain Electro World & Cook Ware , Vilathur. Palakkad | 8-9 കി.ഗ്രാം | 3150 (ജി.എസ്.ടി. ഉൾപ്പെടെ) | ടെണ്ടർ അംഗീകരിച്ച സ്ഥാപനം |
| 2 | South In Polymers,vilayannoor, Thenkurushi, Palakkad, | 13 കി.ഗ്രാം | 2475(ജി.എസ്.ടി. ഉൾപ്പെടെ) | കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനം |
| | | 16 കി.ഗ്രാം | 3070ജി.എസ്.ടി. ഉൾപ്പെടെ) | |
| 3 | BS GST Agencies,NH Junction Kuttippuram | 12.2കി.ഗ്രാം | 2400 | |
| 4 | Asim Designing & Interiors, Kozhikkode | 12.5കി.ഗ്രാം | 2950 | |
| 5 | Dream Home Furniture&Ineriors, Balussery | 13കി.ഗ്രാം | 2935 | |

വാട്ടർ ടാങ്ക് വാങ്ങുന്നതിന് മേൽ പ്രകാരം ടെണ്ടറുകൾ ലഭിച്ചതിൽ ക്രമ നമ്പർ 2, 3 എന്നീ സ്ഥാപനങ്ങൾ (South In Polymers,vilayannoor, Thenkurushi, Palakkad, BS GST Agencies,NH Junction Kuttippuram) ക്രമ നമ്പർ 1 സ്ഥാപനത്തേക്കാൾ (Zain Electro World & Cook Ware , Vilathur. Palakkad) കൂടുതൽ ഭാരമുള്ള വാട്ടർ ടാങ്കും കുറവ് വിലയും ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെയാണ് ക്രമ നമ്പർ 1 ന്റെ ടെണ്ടർ അംഗീകരിച്ച് വാട്ടർ ടാങ്ക് വാങ്ങിയിട്ടുള്ളത്. എന്നാൽ ടെണ്ടറുകൾ ലഭിച്ചതിൽ ക്രമ നമ്പർ 2 (South In Polymers,vilayannoor, Thenkurushi, Palakkad ) ക്വാട്ട് ചെയ്തിട്ടുള്ള 13 കി.ഗ്രാം ഭാരമുള്ള വാട്ടർ ടാങ്കിന് നികുതിയടക്കം 2475 രൂപ മാത്രമാണ് ഉള്ളത്. ആയത് പരിഗണിക്കാതെ 3150 രൂപ പ്രകാരം വാട്ടർ ടാങ്ക് വാങ്ങിയതിനാൽ ഒരു ടാങ്കിന് 675 രൂപ അധികം നൽകി. ഇപ്രകാരം 75 എണ്ണത്തിന് 50,625 രൂപ അധികം നൽകി (3150*75=236250-2475*75=185625).

2. പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മേൽ വാങ്ങൽ നടപടികളെ കുറിച്ച് യാതൊരു തീരുമാനവും കമ്മിറ്റി എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

3. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ റിപ്പോർട്ടില്ലാതെ ഭരണ സമിതി 8.12.2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം Zain Electro World & Cook Ware , Vilathur. Palakkad എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ടി സ്ഥാപനത്തേക്കൾ കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുണ്ടായിരിക്കേ അവരെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9/23 തീയതി.31.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കാതെ വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം ചെയ്തതിൽ അധികമായി ചെലവഴിച്ച 50,625/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ട തക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്.

## 1-19 ഗവ. ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന വാങ്ങൽ -മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് - 50/23 ഗവ. ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)
അടങ്കൽ- 2,50,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)
ആകെ ചെലവ്- 2,50,000/-
ബിൽ നമ്പർ 221508520365009З1962/20.12.2022- ₹2,50,000/-

പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിയ്ക്ക് കോ-ഓപറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരമുള്ള തുക മുൻകൂർ നൽകിയിട്ടുണ്ട്.

പ്രോഫോർമ ഇൻവോയിസ് നം. PRF968/06.12.2022 ₹2,50,000/-

രസീതി നമ്പർ 7288/11.03.2023 ₹2,50,000/-

കരാർ (HCO/SA/718/2023-5.5.2023) പ്രകാരം 9 മാസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/23 തീയതി. 31.07.2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ വേഗത്തിൽ ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

മരുന്നുകൾ മുഴുവൻ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 ആയുർവേദ ഡിസ്പൻസറി മെയിന്റനൻസ് - കരാറുകാരന് അധികം നൽകിയത് 5214 രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവേദ ഡിസ്പൻസറി മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ കെട്ടിടത്തിലെ ചുറ്റുമതിലിന് ഗേറ്റ് നിർമ്മിച്ചതിനും നിലവിലുള്ള റൂഫിംഗ് ഷീറ്റ് നീട്ടുക എന്നീ പ്രവൃത്തികൾക്ക് വേണ്ടി DAR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. പ്രവൃത്തി സ്ഥലം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 2.8.23 ന് നേരിൽ സന്ദർശിച്ചു. റൂഫിംഗ് ഷീറ്റ് ചെയ്തിട്ടുള്ളത് GI Pipe കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു.

പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്ക് (ഗേറ്റ്), DAR Code 50.10.2 പ്രകാരമുള്ള നിരക്ക് (Single Section Work) എന്നിവ പ്രകാരാണ്.

പ്രസ്തുത ഡാറ്റകളിൽ നിന്നും ഈ വസ്തുത വ്യക്തമാണ്. തെറ്റായ നിരക്ക് അനുവദിച്ചതിലൂടെ കരാറുകാരന് അധികം തുക നൽകാനിടയായി. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് നമ്പർ - SO237/23

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (NR)

സാങ്കേതികാനുമതി തുക – 2,00,000

കരാറുകാരൻ - യൂസുഫ് ചുങ്കത്ത്

അളവ് പുസ്തകം - E M Book

കരാർ - 42/ 26.12.22

മൂല്യനിർണ്ണയം - 175099

BRN - 22150852036401463156/24.3.23-

175099

Coi -36.44% (DSoR 2018 )

Esti. No- LSGD/CELSGD/EST/59452/2022 5_1_1

TS No- LSGD/CELSGD/EST/59452/2022 5_1_1/1.11.22

അനുവദിച്ച തുക (DAR 10.16.1 പ്രകാരം)

297.162 Kg X 169.88/kg = 50481.88

അനുവദിക്കാവുന്ന തുക

(DAR 10.25.2 , 50.10.2 എന്നിവ പ്രകാരം )

278 Kg X 155.13/kg = 43126.14 (For Gate) (DAR 10.25.2)

19.162 Kg X 153.29/ Kg = 2937.34 (For Single Section Work) (DAR 50.10..2)

Total = 46063.48

കരാറുകാരന് അധികം നൽകിയത്

50481.88 - 46063.48 = 4418.40 + 18% = 5214

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 16/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം 5214 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-21 മുക്കിലപീടിക-കുണ്ട് കുളങ്ങരപ്പടി അഴക്ക് ചാൽ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു- കരാറുകാരന് അധികം നൽകിയത് 23,937 രൂപ

പ്രോജക്റ്റ് - SO228/23

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 22150852036401365621/15.3.23 -379831

എം. ബുക്ക് - E M Book

കരാർ - 31/23.12.22 (Estimate Rate)

മൂല്യനിർണ്ണയം - 379831

കരാറുകാരൻ - മനോമോഹനൻ. NP

Cost Index -36.44% (MoRD 2018)

Esti. No.- LSGD/CELSGD/EST/80553/2022/5_1_1

TS- LSGD/CELSGD/EST/80553/2022/5_1_1/16.11.22 - 4,00,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുക്കിലപീടിക -കുണ്ട് കുളങ്ങരപ്പടി അഴക്ക് ചാൽ നിർമ്മാണം നിർമ്മാണം എന്ന പ്രവൃത്തി 2.8.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതക ശ്രദ്ധയിൽപ്പെട്ടു.

പ്രവൃത്തിയുടെ അളവു പുസ്തകം ഇനം 4 പ്രകാരം പ്രവൃത്തിയുടെ Bed Concreting (MoRD Code 75.8.1.)2.427എം3 അളവിൽ ചെയ്തതിന് 23937 രൂപ (20285.59+ 18% GST) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ഇനം പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

2.427 M3 X 8358.30/m3 = 20285.59 + 18% = 23937

ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് നൽകിയ 23937 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 35/2.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 23937 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-22 കളരിക്കൽ തിരുത്ത് പാടം ട്രാക്റ്റർ റാമ്പ് നിർമ്മാണം - അപാകത – കരാറുകാരന്

അധികം നൽകിയത് 6253 രൂപ

പ്രോജക്റ്റ് നമ്പർ - SO259/23

ഫണ്ട് - വികസന ഫണ്ട് (G)

കരാറുകാരൻ - മനോമോഹനൻ.NP

അളവ് പുസ്തകം - E M Book

കരാർ - 88/ 24.3.22

മൂല്യനിർണ്ണയം - 65393

BRN - 221508520364015714‌96/31.3.23

Cost Index - 36.44% ( DSoR 2018)

Esti. No- LSGD/CELSGD/EST/2811/2023_5_1_1

TS No- LSGD/CELSGD/EST/2811/2023_5_1_1/2.3.22

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കളരിക്കൽ തിരുത്ത് പാടം ട്രാക്ടർ റാമ്പ് നിർമ്മാണം എന്ന പ്രവൃത്തി 2.8.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രവൃത്തിയുടെ അളവു പുസ്തകം ഇനം 7 പ്രകാരം പ്രവൃത്തിയുടെ Name Board സ്ഥാപിച്ചതിന് 2360 രൂപ (2000+ 18% GST) കരാറുകാരന് അനുവദിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ടി ഇനം പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

2. Non-Pressure NP2 Class (Light Duty) RCC Pipe സ്ഥാപിച്ചതിന് എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്യാതെ തുക നൽകിയതിനാൽ കരാറുകാരന് 3893 രൂപ അധികം നൽകി.

എസ്റ്റിമേറ്റ് പ്രകാരം

4 Metre X 1649.61/metre = 6598.44

അനുവദിച്ച നൽകിയത്

6 Metre X 1649.61/metre = 9897.66

അധികം നൽകിയത് - 9897.66 – 6598.44 = 3299.22 + 18% = 3893

പ്രവൃത്തിയിൽ ആകെ അധികം നൽകിയത് – 6253 രൂപ

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 33/2.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 6253 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-23 അമ്പാൾ അങ്കൺവാടി നമ്പർ 60 ഷീറ്റ് റൂഫിംഗ് - തെറ്റായ നിരക്ക് നൽകി- കരാറുകാരന് അധികം നൽകിയത് 4214 രൂപ

പ്രോജക്റ്റ് - SO98/23

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 221508520364013651‌29/15.3.23 -96366

എം. ബുക്ക് - E M Book

കരാർ - 15/22.12.22 (Estimate Rate)

മൂല്യനിർണ്ണയം - 96366

കരാറുകാരൻ - രാജേഷ്. P

Cost Index -36.44% (DSoR 2018)

Esti. No.- LSGD/CELSGD/EST/50228/2022/5_1_1

TS- LSGD/CELSGD/EST/50228/2022/5_1_1/19.10.22 1,00,000

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ അമ്പാൾ അംഗൻവാടി ഷീറ്റ് ഫൂഫിംഗ് എന്ന പ്രവൃത്തിയിൽ ഇനം 5 പ്രകാരം ചെയ്തിട്ടുള്ള GI പൈപ്പുകൾ കൊണ്ടുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് DAR 10.16.1 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ

സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്നത് DAR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

(പ്രവൃത്തി സ്ഥലം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 2.8.23 ന് നേരിൽ സന്ദർശിച്ചു. പ്രവൃത്തി GI Pipe കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു.)

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 215.244 Kg X 169.88/kg = 36565.65 | 215.244 Kg X 153.29/kg = 32994.75 | 4214<br>(3570.90+18 GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 4214 രൂപ

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 21/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 4214 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-24 റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി-നഷ്ടം 8075 രൂപ

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി ചെയ്തതിന് DAR Code 7.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|
| വലിയതോട് സൈഡ് കെട്ടൽ (SO067/23)<br>ഫണ്ട് - വികസന ഫണ്ട്<br>BRN-22150852036400143692/28.5.22-175362<br>20150852036400186960/21.5.22- 215779<br>മൂല്യനിർണ്ണയം - 391141<br>കരാർ 93/03.2.2020<br>( Tender Below -0.1%)<br>അളവ് പുസ്തകം 119/19-20<br>കരാറുകാരൻ- NP.മനോമോഹനൻ<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No-104723/20.1.20<br>Est.No-2020/1692 | 59.91 $M^3$<br>ഇനം 3 | 311390.61<br>@5197.64/$m^3$ | 304173.25<br>@5077.17/$m^3$ | 8075<br>(7217.36-0.1%(Tender Below)+12GST) |

തൻവർഷം ചെയ്തിട്ടുള്ള മറ്റ് പ്രവൃത്തികളിൽ പ്രവൃത്തികളുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി (DAR Code

7.1.1) ചെയ്തതിന് സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘനയൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് നിരക്ക് അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘനയൂണിറ്റിലും ആവശ്യമില്ല എന്ന് വ്യക്തമാണ്.

(ഉദാ - പഞ്ചനാട്ടുകുളം മെയിന്റനൻസ് (Proj-242/23, വെണ്ടല്ലൂർ പടിഞ്ഞാറെതോട് സൈഡ് പ്രൊട്ടകഷൻ ( Proj-264/23), അംഗൻവാടി കിണർ അറ്റകുറ്റപണി - വാർഡ് 14 ( Proj-18/23))

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/1.8.23) അധികം നൽകിയ തുക തിരികെ അടവാക്കുന്നതാണെന്ന് മറുപടി നൽകി. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ് അല്ലാത്ത പക്ഷം നഷ്ട തുക 8075 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി .എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-25 വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി - തെറ്റായ നിരക്ക് നൽകി- കരാറുകാരന് അധികം നൽകിയത് 5455 രൂപ

പ്രോജക്റ്റ് - SO240/23

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 2215085203640154049б/28.3.23 -305730

എം. ബുക്ക് - E M Book

കരാർ - 105/15.3.23 (Estimate Rate)

മൂല്യനിർണ്ണയം - 305730

കരാറുകാരൻ - മനോമോഹനൻ.NP

Cost Index -36.44% (DSoR 2018)

Esti. No.- LSGD/CELSGD/EST/6486/2023/5_1_1

TS- LSGD/CELSGD/EST/6486/2023/5_1_1/19.1.23 --4,40,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി എന്ന പ്രവൃത്തിയിൽ 4 അംഗൻവാടികളുടെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. ഇതിൽ വാർഡ് 14 ലെ 65 ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് ഷീറ്റ് റൂഫിംഗ് ചെയ്തപ്പോൾ ഇനം 10 പ്രകാരം GI പൈപ്പുകൾ കൊണ്ടുള്ള പോസ്റ്റുകൾ സ്ഥാപിച്ചതിന് DAR Code 50.10.1 പ്രകാരമുള്ള നിരക്ക് വച്ച് തുക അനുവദിച്ച് നൽകി. ട്രസ്സ് വർക്ക് പ്രവൃത്തികൾക്കാണ് DAR 50.10.1 കോഡ് പ്രകാരമുള്ള നിരക്ക് അനുവദിക്കേണ്ടത്. മേൽ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് 7 പോസ്റ്റുകൾ സ്ഥാപിക്കുകയാണ്. ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR Code 10.1 പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

(മറ്റ് 3 അംഗൻവാടികളുടെ ഷീറ്റ് റൂഫിംഗ് നടത്തിയതിൽ GI പൈപ്പ് ഉപയോഗിച്ച് പോസ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് DAR Code 10.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.)

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 51.840 Kg X 191.08/kg = 9905.59 | 51.840 Kg X 101.91/kg = 5283.01 | 5455<br>(4622.58+18 GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 5455 രൂപ

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് ( 22/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 5455 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-26 ചെറുപറമ്പ് -പുളിയമ്പറ്റക്കുഴി കുടിവെള്ള പദ്ധതി - കരാറുകാരന് അധിക നിരക്ക് നൽകി. - പ്രവൃത്തിയിലെ അധിക ചെലവ് 9460 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെറുപറമ്പ് -പുളിയമ്പറ്റക്കുഴി കുടിവെള്ള പദ്ധതി മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

പ്രോജക്റ്റ് നമ്പർ - SO62/23

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ - ഹാഷിഖ് റഹ്മാൻ

അളവ് പുസ്തകം - 102/21-22

കരാർ - 82/ 23.2.22

മൂല്യനിർണ്ണയം - 464020

വൗച്ചർ - XVFC/22-23/P/61/2.6.22-

204354

XVFC/22-23/P/71/1.9.22-

259666

Coi DSoR 2018 – 36.44%

Esti. No- 2021/106049

TS No- 81171/5.2.22

1). ചുറ്റുമതിലിന് ഗേറ്റ് നിർമ്മിച്ചതിന് അധിക നിരക്ക് നൽകി.

ചുറ്റുമതിലിന് ഗേറ്റ് നിർമ്മിച്ചതിന് വേണ്ടി DAR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകി. പ്രസ്തുത പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്ക് ആണ് പ്രസ്തുത ഡാറ്റകളിൽ നിന്നും ഈ വസ്തുത വ്യക്തമാണ്. തെറ്റായ നിരക്ക് അനുവദിച്ചതിലൂടെ കരാറുകാരന് അധികം തുക നൽകാനിടയായി. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

അനുവദിച്ച തുക (DAR 10.16.1 പ്രകാരം)

30 Kg X 169.88/kg = 5096.10

അനുവദിക്കാവുന്ന തുക

(DAR 10.25.2 പ്രകാരം)

30 Kg X 155.13/kg = 4653.90

കരാറുകാരന് അധികം നൽകിയത്

5096.10 - 4653.90 = 442.20 + 18% = 522

2). 13.5.22 ന് പൂർത്തിയായ പ്രവൃത്തിക്ക് യഥാസമയം ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ അധിക ചെലവ് വന്നു

18.7.2022 ന മുൻപ് പൂർത്തീകരിച്ചതും എന്നാൽ ബിൽ അനുവദിച്ചത് ഈ തിയതിക്ക് ശേഷവുമാണെങ്കിൽ ഇത്തരം പ്രവൃത്തികൾക്ക് GST 12% ത്തിന് പകരം 18% GST ഉൾപ്പെടുത്തി ബിൽ അനുവദിക്കേണ്ടതുണ്ട്. മേൽ പ്രവൃത്തിയിൽ 18.7.2022 ന മുൻപ് പാർട്ട് ബിൽ അനുവദിച്ചുവെങ്കിലും ഫൈനൽ ബിൽ അനുവദിക്കാൻ വൈകിയത് കാരണം GST ഇനത്തിൽ അധിക ചെലവ് വന്നു

പ്രവത്തിയുടെ ചെലവ് വിശദാംശങ്ങൾ

Part Bill – 257362.36

GST -12% - 30883.47

Final Bill – 148961.12 (ബാക്കി)

GST -18% - 26813

Final Bill – 148961.12

GST -12% - 17875.33

26813 – 17875.33 = 8938 രൂപ.
യഥാസമയം ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 8938 രൂപ.

കരാറുകാരന് അധികം നൽകിയ തുക 522 രൂപ ഈടാക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല – നഷ്ടം 48739 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്. (പ്രവൃത്തികളിൽ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല.)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | ഈടാക്കേണ്ടപിഴ |
|---|---|---|---|---|
| ആയുർവേദ ഡിസ്പൻസറി കിണർ മെയ്ന്റനൻസ്<br>പ്രോജക്ട് നമ്പർ - SO075/23<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>കരാറുകാരൻ - യൂസുഫ് ചുങ്കത്ത്<br>അളവ് പുസ്തകം - 94/22-23<br>കരാർ - 50/ 20.11.21<br>കരാർ തുക - 150000<br>വൌച്ചർ നമ്പർ - 22200965/31.3.23<br>Duration – 6 മാസം (As Per TS Slip) | 20.11.21 | 19.5.22 വരെ (6 മാസം) | 15.3.23 | 8267<br>20.5.22 മുതൽ 19.8.22 വരെ<br>1500<br>20.8.22 മുതൽ 19.11.22 വരെ<br>3000<br>20.11.22 മുതൽ 19.2.23 വരെ<br>3000<br>20.2.23 മുതൽ 15.3.23 വരെ<br>767<br>(3000x23/90) |
| പടിഞ്ഞാറ്റുമുറി SC കോളനി WSS പൈപ്പ് ലൈൻ നീട്ടൽ (SO073/23)<br>ഫണ്ട് - വികസനഫണ്ട് (SCP)<br>കരാർ തുക – 2,00,000<br>BRN - | 19.11.21 | 18.5.22 വരെ (3 മാസം) | 29.6.22 | 956<br>19.5.22 മുതൽ 29.6.22 വരെ<br>(2000x43/90) |

| | | | | |
|---|---|---|---|---|
| 221508520364006842 92/25.10.22<br>അളവ് പുസ്തകം 58/21-22<br>കരാറുകാരൻ - P. രാജേഷ്<br>കരാർ. - 38/19.11.21<br>Duration – 6 മാസം (As Per TS Slip) | | | | |
| വലിയതോട് സൈഡ് കെട്ടൽ (SO067/23)<br>ഫണ്ട് - വികസന ഫണ്ട്<br>BRN- 221508520364001436 92/28.5.22-175362<br>20150852036400186960/21.5.20-215779<br>കരാർ തുക – 399600<br>കരാർ 93/03.2.2020<br>അളവ് പുസ്തകം 119/19-20<br>കരാറുകാരൻ- NP.മനോമോഹനൻ<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No-104723/20.1.20<br>Est.No-2020/1692<br>Duration – 3 മാസം (As Per TS Slip)<br>(സ.ഉ (സാ.ധാ)നം.1444/2021 /ത.സ്വ.ഭ.വ തി.31.7.21 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധിക്ക് പുറമെ 6 മാസം കൂടി പിഴ കൂടാതെ കൂടുതൽ സമയം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ കാലയളവ് കൂടി പരിഗണിച്ചാണ് ഫൈൻ കണക്കാക്കിയിട്ടുള്ളത്. ) | 03.2.20 | 2.11.20<br>(2.5.20+6 Months) | 14.3.23 | 39516<br>3.11.20 മുതൽ 2.2.21 വരെ<br>3996<br>3.2.21 മുതൽ 2.5.22വരെ<br>7992<br>3.5.22 മുതൽ 2.8.22വരെ<br>7992<br>3.8.22 മുതൽ 2.11.22വരെ<br>7992<br>3.11.22 മുതൽ 2.2.23വരെ<br>7992<br>3.2.23 മുതൽ 14.3.23വരെ<br>3552<br>(7992x40/90) |
| ആകെ | | | | 48739 |

പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കാതെ പേമെന്റ് നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 19/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 48739 രൂപ പ്രവൃത്തികളുടെ പേമെന്റുകൾ അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 ആയുർവേദ ഡിസ്പൻസറി കിണർ മെയ്ന്റനൻസ് - GST ഇനത്തിൽ അധിക ചെലവ് വന്നു- 5575 രൂപ.

പ്രോജക്റ്റ് നമ്പർ - SO075/23
ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്
കരാറുകാരൻ - യൂസുഫ് ചുങ്കത്ത്
അളവ് പുസ്തകം - 94/22-23
കരാർ - 50/ 20.11.21

കരാർ തുക – 150000

മൂല്യനിർണ്ണയം - 109634

വൌച്ചർ നമ്പർ - XVFC/2022-23/P/120/27.3.23-109634

TS- 56652/5.11.21

Esti.No.- 2021/91615

Cost Index -36.44% (2018 DSR)

20.11.2021 ന് കരാർ വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 13.5.23 ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 6 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു

Part Bill – 257362.36

GST -12% - 30883.47

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 92910

GST -18% - 16724

യഥാസമയം ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം )

യഥാസമയം ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 8938 രൂപ.

Final Bill – 92910

GST -12% - 11149

16724 – 11149 = 5575 രൂപ.

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/1.8.23) പ്രവൃത്തിയിലെ അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-29 MCF കെട്ടിട നിർമ്മാണം -ചെലവ് 11, 9048 രൂപ – പാഴ് ചെലവിലേക്ക് പോകുന്നു.

പ്രോജക്റ്റ് - SO98/23

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

വൗച്ചർ - 22101479/31.3.22 -804379

വൗച്ചർ - XVFC22-23/P/80/16.12.22 -3,94,669

എം. ബുക്ക് - 126/21-22, 12/22-23, 13/22-23

കരാർ - 58/7.12.21

മൂല്യനിർണ്ണയം - 11,99,048

കരാറുകാരൻ - അബ്ദുൾ ഹക്കീം. KP

Cost Index -36.44% (DSoR 2018)

Esti. No.- LSGD/CELSGD/EST/50228/2022/5_1_1

TS- LSGD/CELSGD/EST/50228/2022/5_1_1/19.10.22 ---15,00,000

15 ലക്ഷം അടങ്കൽ വകയിരുത്തി ചെയ്ത MCF കെട്ടിട നിർമ്മാണ പ്രവൃത്തി 19.8.2022 ന് 11,99,048 രൂപ മൂല്യനിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. ചെറിയ ഹാൾ (6.54x4), 2 മുറികൾ (2x3), 2 ശുചിമുറികൾ എന്നിവ അടങ്ങുന്നതാണ് നിലവിൽ ഉണ്ടാക്കിയിരിക്കുന്ന MCF കെട്ടിടം. കെട്ടിടം നിർമ്മിച്ച പ്രദേശത്തേക്ക് യാത്രാ സൗകര്യം ബുദ്ധിമുട്ടേറിയതിനാൽ കെട്ടിടം പണി പൂർത്തിയായി ഒരു വർഷമായിട്ടും ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് വേണ്ടി കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. നിലവിലുണ്ടാക്കിയിരുന്ന എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് വേണ്ടി പ്രോവിഷൻ വക്കാത്തതിനാൽ 2.11.2022 ന് ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മറ്റും വേണ്ടി ജില്ലാ തല ഇലക്ട്രിക്കൽ സാങ്കേതിക സമിതിക്ക് അസി. എഞ്ചിനീയർ കത്ത് അയച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടി വിവരം ഇല്ല. ഓഡിറ്റിന്റെ ഭാഗമായി ഈ പ്രവൃത്തി 2.8.2023 ന് നേരിൽ സന്ദർശിച്ചതിൽ ഉയർന്ന പ്രദേശത്ത് നിർമ്മിച്ചിരിക്കുന്ന MCF ലേക്ക് എത്തിച്ചേരാൻ ഹരിതകർമ്മ സേന അംഗങ്ങളൾക്കും മാലിന്യങ്ങൾ വാഹനത്തിൽ കൊണ്ടു വരുന്നതിനും യാത്രാ സൗകര്യം ബുദ്ധിമുട്ടേറിയതാണ് എന്ന് ബോധ്യപ്പെട്ടു. കെട്ടിടം നിർമ്മിച്ച പ്രദേശത്തേക്ക് യാത്രാ സൗകര്യം ബുദ്ധിമുട്ടേറിയതിനാൽ നിലവിലും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഹരിതകർമ്മ സേന Mini MCF കളിൽ നിക്ഷേപിക്കുകയാണ്. അമ്പാൾ (Ward 1), തിരുനിലം (Ward 13),

മങ്കേരി (Ward 12), പുറമണ്ണൂർ (Ward 6) എന്നിവടങ്ങളിലാണ് മിനി MCF കൾ സ്ഥിതി ചെയ്യുന്നത്. മിനി MCF കൾക്ക് ചുറ്റും മാലിന്യങ്ങൾ കൂട്ടിയിടുന്നത് കാരണം പ്രദേശവാസികളുടെ എതിർപ്പ് ഉയർന്നുവരുന്നതായി ഹരിതകർമ്മ സേന അംഗങ്ങളിൽ നിന്നും ബോധ്യപ്പെട്ടു.

യാത്രാസൗകര്യങ്ങൾ ഇല്ലാത്ത പ്രദേശത്ത് ഒരു MCF ന് വേണ്ട സ്ഥല സൗകര്യങ്ങൾ ഒരുക്കാതെ നിർമ്മിച്ച ഈ കെട്ടിടം ഹരിതകർമ്മ സേനക്ക് ഉപയോഗപ്പെടുത്താൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടായതിനാൽ കെട്ടിടത്തിന് വേണ്ടി ചെലവഴിച്ച തുക പാഴ്ചെലവായി മാറി. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38 / 3.8.23) മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടത്തിന് വേണ്ടി ചെലവഴിച്ച തുക പാഴ്ചെലവാകാതിരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് 204942 രൂപ

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ്. എഞ്ചിനിയറുടെ പേരിൽ വളാഞ്ചേരി SBI ശാഖയിൽ ഉള്ള 41083036842നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 204942 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക, ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കുന്നതിന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.23/1.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ചെലവഴിക്കാൻഅവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്നും ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ കാഷ് ബുക്ക് ക്രമപ്രകാരം പരിപാലിക്കേണ്ടതാണ്.

## 1-31 അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല.

അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക ഇനത്തിൽ ശ്രീ.മുഹമ്മദലി.AP എന്നവർക്ക് താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. AE/LSGD/IBM/77/22-23 Dtd 17.1.2023 നമ്പർ കരാർ പ്രകാരം 35900 രൂപ മാസ വാടകക്കാണ് വാഹനം (KL55Y-8090)എടുത്തിരിക്കുന്നത്. Income Tax Act 1961, Sec.194C പ്രകാരം, അനുവദിക്കുന്ന തുക 30,000 രൂപക്ക് മുകളിൽ ആണെങ്കിൽ (Single Payment), ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ ആണെങ്കിൽ 194C പ്രകാരമുള്ള നികുതി അടക്കാൻ ടിയാൻ ബാധ്യസ്ഥനാണ് (Transportation Contract). അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്.

| വൗച്ചർ | അനുവദിച്ച തുക |
|---|---|
| 22200890/15.2.23 | 16753 |

| | |
|---|---|
| 22200987/10.3.23 | 35900 |
| 22201137/31.3.23 | 35900 |

മേൽ നിബന്ധന പാലിച്ചിട്ടില്ല. വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/1.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 30,000 രൂപക്ക് മുകളിൽ അനുവദിച്ച തുകകളിൽ നിയമപ്രകാരമുള്ള നികുതി പിടിച്ച് ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്. വിവരം അറിയിക്കേണ്ടതാണ്.

## 1-32 റോഡ് കണക്ടിവിറ്റി മാപ്പിംഗ് സംബന്ധിച്ച്

ആസ്തിരജിസ്റ്റർ -റോഡ് കണക്ടിവിറ്റി മാപ്പിംഗ് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 31.10.22 ലെ PAN/3173/2021-JI(DP) നമ്പർ സർക്കുലർ പ്രകാരം നിർദേശം നൽകിയിരുന്നു. ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ ആപ്ലിക്കേഷൻ വഴിയും പദ്ധതി നടപ്പാക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി R-Track Data Collection And Processing 30.11.22 നകം പൂർത്തിയാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തായ്യാറാക്കുന്നതിന് വേണ്ടി തൻവർഷം 274/23 നമ്പർ പ്രോജക്റ്റ് വച്ച് 51000 രൂപ വകയിരുത്തിയെങ്കിലും ചെലവ് വന്നതായി കാണുന്നില്ല. ആസ്തി റോഡ് മാപ്പിംഗ് സംബന്ധിച്ച് നിലവിൽ ഈ പദ്ധതിയുടെ സ്ഥിതി അറിയിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No. 24/1.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആസ്തി റോഡ് മാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-33 വാട്ടർ ടാങ്ക് -ലേലവിവരം സംബന്ധിച്ച്

പടിഞ്ഞാറ്റുമുറി SC കോളനി WSS പൈപ്പ് ലൈൻ നീട്ടൽ (S0073/23)
ഫണ്ട് - വികസനഫണ്ട് (SCP)
BRN - 22150852036400684292/25.10.22
അളവ് പുസ്തകം 58/21-22
കരാറുകാരൻ - P. രാജേഷ്

പ്രവൃത്തിക്ക് വേണ്ടി 5000 ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന പഴയ 5000 ലിറ്റർ ടാങ്ക് 27.10.22 ന് തിരിച്ച് ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനീയർ തിരിച്ചേൽപ്പിച്ചിട്ടുണ്ടെന്ന് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ലേലം ചെയ്തതായ വിവരം ലേല രജിസ്റ്ററിലോ ലേല ഫയലിലോ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പഴയ 5000 ലിറ്റർ ടാങ്ക് ലേലം ചെയ്ത് വിവരം അറിയിക്കേണ്ടാണ്.

## 1-34 IKM വിഹിതം അടവാക്കൽ- തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമമാക്കേണ്ടതാണ്

പ്രൊജക്റ്റ് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പറും പേരും | 85/23- IKM വിഹിതം നൽകൽ |
| അടങ്കൽ തുക | 87133/- ( വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 87133/- ( BRN 22150852010700413439/11/08/2022) |
| IKM അക്കൗണ്ട് നമ്പർ | 57947023512- State Bank Of India |

മേൽ പറഞ്ഞ തുകയുടെ കൈപ്പറ്റ് രശീതി/ UTR വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 30/02.08.23) മറുപടി നൽകിയില്ല. കൈപ്പറ്റ് രശീതി ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-35 മഴക്കാല പൂർവ ശുചീകരണപ്രവർത്തനങ്ങൾക്കു വേണ്ടി വാർഡ് തല ശുചിത്വ കമ്മറ്റികൾക്ക് വിതരണം ചെയ്ത തുക ചെലവഴിച്ചിട്ടില്ല

2022-23 -ലെ വാർഷിക കണക്ക് പ്രകാരം മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കു വേണ്ടി വാർഡ്തല ശുചിത്വ കമ്മറ്റികൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി PHC മെഡിക്കൽ ഓഫീസർക്ക് തനത് ഫണ്ടിൽ നിന്നും 170000.00 രൂപ നൽകിയിട്ടുണ്ട്. (വൗച്ചർ നം.22201087 തീയ്യതി 25.03.2023) . ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.26/02.08.23) മറുപടിയോടൊപ്പം സമർപ്പിച്ച ചെലവു പത്രികകൾ പരിശോധിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | ചെലവഴിക്കാത്ത തുക |
|---|---|
| 1 | 10000/- |
| 2 | 10000/- |
| 3 | 10000/- |
| 4 | 10000/- |
| 5 | 10000/- |
| 6 | 10000/- |
| 7 | 10000/- |
| 8 | 10000/- |
| 9 | 10000/- |
| 10 | 10000/- |
| 11 | 10000/- |
| 12 | 10000/- |
| 13 | 0 |
| 14 | 10000/- |
| 15 | 10000/- |
| 16 | 10000/- |
| 17 | 10000/- |
| ആകെ | 160000/- |

ചെലവഴിക്കാത്ത മേൽ പറഞ്ഞ 160000 രൂപ തനത് ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 തെരുവ് വിളക്ക് റിപ്പയർ-അപാകതകൾ

പ്രൊജക്ട് : തെരുവ് വിളക്ക് റിപ്പയർ (SO)

നം : S0055/2022

അടങ്കൽ - 189000 (F.C.award )

ചെലവ്- 180877/- (Bill No. 177/30.12.2022)

(കരാറുകാരന്-172996 രൂപ, അലികന്നത്ത് Rtd AexE- 4349/-(എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മേൽനോട്ടപ്രവർത്തനങ്ങൾക്കുമുള്ള തുക)- KCWWF വിഹിതം-1766 രൂപ – IT-1% 1766 രൂപ)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തെരുവ് വിളക്ക് റിപ്പയർ ചെയ്തതിന്റെ തുകയായി ശ്രീ. ഷംസുദ്ദീൻ, പിലാക്കോളി തൊഴവാന്നൂർ- എന്ന വ്യക്തിക്ക് 172996 രൂപ നൽകിയിട്ടുണ്ട്. 2021-22ലെ S0180/2022-ാം നമ്പർ പദ്ധതിയുടെ സ്പിൽ ഓവറായാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു-

1. ഈ പ്രൊജക്ടിനു വേണ്ടി 20.11.21 തീയ്യതിയിൽ ടെൻഡർ ക്ഷണിച്ചത് പ്രകാരം, 27.11.2021 തീയ്യതിയിൽ ശ്രീ ജുനൈദ് , കെ.കെ, FG ഇലക്ട്രിക്കൽസ് കൊണ്ടോട്ടി എന്ന വ്യക്തിയും, ശ്രീ ഷാഹുൽ ഹമീദ് , പി.പി, പി.പി. ഇലക്ട്രിക്കൽസ് കൊണ്ടോട്ടി എന്ന സ്ഥാപനവും എസ്റ്റിമേറ്റ് നിരക്കിൽ (189000 രൂപ) ടെണ്ടർ സമർപ്പിച്ചു.എന്നാൽ തുടർ നടപടികൾ സ്വീകരിക്കാതെ പഞ്ചായത്ത് 07.12.2021 തീയ്യതിയിൽ റി-ടെണ്ടർ ക്ഷണിക്കുകയും ശ്രീ ഷാഹുൽ ഹമീദ് , പി.പി, പി.പി. ഇലക്ട്രിക്കൽസ് കൊണ്ടോട്ടി എന്നയാൾ അതേ എസ്റ്റിമേറ്റ് നിരക്കിൽ റീ- ടെണ്ടർ സമർപ്പിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ ടിയാന് വർക്ക് ഓർഡർ നൽകിയതൊഴികെ തുടർ നടപടികൾ ഒന്നും സ്വീകരിക്കാതെ 02.02.2022 തീയ്യതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ ഷംസുദ്ദീൻ പിലോക്കോളി, തൊഴവാന്നൂർ എന്നയാളുമായി കരാർ ചമയ്ക്കുകയും ചെയ്തു.

2. 22.08.2022 തീയ്യതിയിൽ കരാറുകാരൻ പഞ്ചായത്തുമായി ചമച്ച കരാറുമ്പടിയിൽ കരാർ തുക, റിപ്പയർ ചാർജ് നിരക്ക് പണിപൂർത്തീകരിക്കേണ്ട കാലയളവ് എന്നിവയുൾപ്പെടെ നിബന്ധനകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3. കരാർ തുകയുടെ 5% സെക്യൂരിറ്റി നിക്ഷേപമായി പഞ്ചായത്ത് ഓഫീസിലൊടുക്കണമെന്ന് ക്വട്ടേഷൻ നോട്ടീസിൽ നിബന്ധന വെച്ചിട്ടുണ്ട്. എന്നാൽ തുക ഒടുക്കിയിട്ടില്ല. കരാറിനൊപ്പം വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ 6000 രൂപയുടെ സ്ഥിര നിക്ഷേപ രശീതിയുടെ ഫോട്ടോ കോപ്പി മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്.

4. മുഴുവൻ വിളക്കുകളും റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിലുണ്ട്. എന്നാൽ സാക്ഷ്യ പത്രത്തിനൊപ്പം സമർപ്പിച്ച വാർഡ് തല പട്ടികകളിലെ എണ്ണവും തെരുവു വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഓരോ വാർഡിലേയും തെരുവുവിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ, പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയില്ല. ഏതൊക്കെ പോസ്റ്റുകളിലെ വിളക്കുകളാണ് റിപ്പയർ ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

5. പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ തിയ്യതി, പോസ്റ്റ് നമ്പർ, പരാതിക്കാരന്റെ പേര് തുടങ്ങിയ വിവരങ്ങളൊന്നും ഇല്ല.

6. നിലവിൽ പരിപാലിച്ച വരുന്ന തെരുവു വിളക്ക് രജിസ്റ്ററിൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തുന്നില്ല.

7. ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരവും ഇല്ല.

മേൽ പറഞ്ഞ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിന വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 32/02.08.23 ) മറുപടി ലഭിച്ചിട്ടില്ല.
തെരുവു വിളക്ക് സ്ഥാപനം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് മുകളിൽ കാണിച്ച അപാകതകൾ പരിഹരിക്കേണ്ടതും ഓരോ വാർഡിലേയും പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം KSEB യുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി രേഖപ്പെടുത്തേണ്ടതും സമയാസമയങ്ങളിൽ പ്രസ്തുത ഡാറ്റ കാലികമാക്കി പരിപാലിച്ച പോരേണ്ടതുമാണ്.

## 1-37 മിനി മാസ്റ്റ് റിപ്പയർ- നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ മിനി മാസ്റ്റ് റിപ്പയർ എന്ന പ്രൊജക്റ്റുമായി ബന്ധപ്പെട്ട് നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പറും പേരും | SO 56/23- മിനിമാസ്റ്റ് റിപ്പയർ |
| അടങ്കൽ | 200000/-(വികസനഫണ്ട്- ധനകാര്യകമ്മീഷൻ- അടിസ്ഥാന വിഹിതം) |
| ചെലവ് | 199988 ( ബിൽ നം. 33/06.07.2022) |
| കരാറുകാരൻ | ശ്രീ അബ്ദുൽ റഷീദ്, കരിങ്കരപ്പാറ വീട്, കുളമംഗലം , വളാഞ്ചേരി |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ മിനി മാസ്റ്റ് വിളക്കുകളിലെ കേടായ വിളക്കുകൾ മാറ്റുന്നതിന വേണ്ടി വിളക്കുകളുടെ വില, ലേബർ ചാർജ് എന്നിവയുൾപ്പെടെ 199988 രൂപ, മേൽ പറഞ്ഞ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാർ തുകയിൽ നിന്നും നിയമാനുസൃതം കുറവ് ചെയ്യേണ്ട 1% വരുമാന നികുതി , 1% തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 37/02.08.23) മറുപടി ലഭിച്ചിട്ടില്ല.
ആയതിനാൽ മേൽ പറഞ്ഞ ചെലവു തുകയിൽ നിന്ന് ഈടാക്കേണ്ട നികുതിത്തുകകൾ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലൊടുക്കേണ്ടതാണ്.

## 1-38 ആശ്രയ പദ്ധതി - തുക ചെലവഴിച്ചില്ല.

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹിച്ച ആശ്രയ പദ്ധതി - പഞ്ചായത്ത് വിഹിതം കൈമാറൽ എന്ന പദ്ധതിക്ക് വേണ്ടി (പ്രൊജക്ട് നമ്പർ 86/23) വികസന ഫണ്ടിൽ നിന്നും 300000/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ, കേരളാ ഗ്രാമീൺ ബാങ്കിന്റെ വലിയകുന്ന് ശാഖയിലുള്ള 40244101053319 – നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആശ്രയ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ മേൽ പറഞ്ഞ തുകക്ക് പുറമേ, ചാലഞ്ച് ഫണ്ടുൾപ്പെടെ 29.03.23 തീയ്യതിയിൽ 2784854 രൂപ ബാങ്കിൽ നീക്കിയിരിപ്പുണ്ടെന്ന് കാണുന്നു. ഈ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം 39/03.08.23) മറുപടി ലഭിച്ചില്ല.) പദ്ധതി തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 വിവിധ ഏജൻസികളിൽ നിക്ഷേപിച്ച മുൻകൂർ തുക- വിനിയോഗ / പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികളുടെ നിർവഹണത്തിനുവേണ്ടി നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | | ചെലവ് |
|---|---|---|---|---|
| ക്രമനം | പ്രൊജക്റ്റ് നമ്പറും പേരും | നിർവഹണ ഏജൻസിയുടെ പേര് | അടങ്കൽ തുക ഫണ്ടിനം | ചെക്ക് നമ്പർ ബിൽ നമ്പർ, തീയ്യതി |
| 1 | 177/23- റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | KSEB | അടങ്കൽ -100000/- ( തനത്ഫണ്ട്) | ചെലവ്- 100000/- വൗച്ചർ നമ്പർ 222-977/4/3/23 |
| 2 | PHC യിൽ കുഴൽകിണർ നിർമാണം- തുക ഡെപ്പോസിറ്റ് ചെയ്യൽ 278/23 | ഭൂഗർഭജല വകുപ്പ് | അടങ്കൽ- 200000/- ധനകാര്യക്കമ്മീഷൻ അവാർഡ് 71193/- | ചെലവ്-71193/- (125/21.11.2022) |
| 3 | 270/23 MCF ലേക്ക് കുഴൽകിണർ നിർമാണം | ഭൂഗർഭജല വകുപ്പ് | അടങ്കൽ- 100000/- ധനകാര്യക്കമ്മീഷൻ അവാർഡ് 82175/- | 82175 (124/21.11.2022) |

| | | | | |
|---|---|---|---|---|
| 4 | 208/23 PMAY വിഹിതം നൽകൽ | ബ്ലോക്ക് പഞ്ചായത്ത്, കുറ്റിപ്പുറം | 210000/- വികസന ഫണ്ട് SCP | 210000 (136/01.12.2022) |

*ഈ പദ്ധതികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 12/31.07.23* ) മറുപടി നൽകിയില്ല. ആയതിനാൽ മേൽ പറഞ്ഞ നിർവഹണ ഏജൻസികളിൽ നിന്നും ഈ തുകകളുടെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതും ചെലഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്. ഈയിനത്തിൽ നൽകിയ 463368 രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 ഉത്സവ മുൻകൂർ -തിരിച്ചടക്കാനുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ 2022-23 കാലയളവിലെ മുൻകൂർ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചപ്പോൾ ഉത്സവ മുൻകൂർ ഇനത്തിൽ ( Festival Advance) 30000 രൂപ തിരിച്ചടവ് വരാനുള്ളതായി കാണുന്നു. ഈ തുകയിൽ 6000 രൂപ മുൻബാക്കിയാണ്. വാർഷിക ധനകാര്യപത്രികയിലെ Ledger & Journel Report കളിലൊന്നും ഈ തുക തിരിച്ചടക്കേണ്ടതാരെന്ന് വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് പരിപാലിച്ചു പോരുന്ന Pay Bill രജിസ്റ്ററിലും തുക ആർക്ക് നൽകിയെന്നും , ആരിൽ നിന്ന് ഈടാക്കണമെന്നും രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 03/31.07.2023 ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്ത് മറുപടി നൽകിയില്ല . ആയതിനാൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുകയും പഞ്ചായത്തിന് ലഭിക്കേണ്ട തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഈടാക്കി റിപ്പോർട്ട് ചെയ്യണം. അല്ലാത്ത പക്ഷം തുക നൽകിയ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-41 ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് തുക ചെലവഴിക്കൽ - ചെലവിന്നാധാരമായ സർക്കാർ അനുമതി രേഖയും ആസ്തികളുടെ ഡോക്യുമെന്റേഷനുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുവേണ്ടി 200000രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ്നമ്പറും പേരും | 233/23 – ആസ്തി രജിസ്റ്റർ കാലികമാക്കൽ |
| അടങ്കൽ തുക | 200000/- ( (തനത് ഫണ്ട്) |
| ചെലവ് | 200000/- വൗച്ചർ നം.22201097/28.03.23<br>ചെക്ക് നം. XY 6814317/23.03.23 |
| നിർവഹണ ഏജൻസി | ആൻസിയൻ ഇൻഫോ ടെക്നോളജി പ്രൈ.ലി കാക്കഞ്ചേരി |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവേ നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കാനുള്ളതാണ് പ്രൊജക്റ്റ് . ഈ പ്രൊജക്ടിനു വേണ്ടി 2,00,000 രൂപ മേൽ പറഞ്ഞ വിധം ചെലവഴിക്കുന്നതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ ടി ഉത്തരവും , ആസ്തി രജിസ്റ്റർ കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വർക്ക് ഷീറ്റുകളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 13/31.07.23) മറുപടി നൽകിയില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനു വേണ്ടി ഈയിനത്തിൽ ചെലവഴിച്ച തുക 2,00,000 രൂപ തടസ്സം ചെയ്യുന്നു.

കൂടാതെ, മേൽ പറഞ്ഞ സ്വകാര്യ ഏജൻസിയിൽ നിന്നും ആദായ നികുതി വകുപ്പിലെ 194J പ്രകാരം 2% TDS ആയി ഈടാക്കേണ്ടതാണെങ്കിലും ആയത് കുറവു ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ഈടാക്കേണ്ട 4000 രൂപ മേൽ

പറഞ്ഞ ഏജൻസിയിൽ നിന്നോ അല്ലാത്ത പക്ഷം തുക ഈടാക്കാത്ത സെക്രട്ടറിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലൊടുക്കേണ്ടതാണ്.

### 1-42 നഞ്ച ഭൂമിയിലെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചത് സംബന്ധിച്ച്

ഇരിമ്പിളിയം വില്ലേജ് - സർവേ നമ്പർ 269/7A-7 ൽ പെട്ടതും കുന്നത്ത് മുസ്തഫ യുടെ ഉടമസ്ഥതയിലുള്ളതുമായ 2.67 ആർ നഞ്ച ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള 273.5m2 വിസ്തൃതിയുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകുകയും ഇത് സംബന്ധിച്ചുള്ള അപാകതകൾ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.1-12 ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരാമർശിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവർ സ്ഥലപരിശോധന നടത്തുകയും പെർമിറ്റ് ഫയൽ പുന: പരിശോധന നടത്തുകയും കൂടുതൽ അപാകതകൾ കണ്ടെത്തുകയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്തു. ടി ബിൽഡിംഗ് പെർമിറ്റ് റദ്ദ് ചെയ്തത് സംബന്ധിച്ച് ടിയാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബ്യൂണലിൽ APL-176/2023 നമ്പർ ഹർജി സമർപ്പിക്കുകയും ഹർജിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ആവശ്യപ്പെട്ടുള്ള നോട്ടീസ് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും പഞ്ചായത്തിനു വേണ്ടി ഹാജരാകുന്നതിനും വിശദീകരണം നൽകുന്നതിനും അഡ്വ. നജ്മുദ്ദീനെ പഞ്ചായത്ത് ഭരണസമിതി 04.04. 2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു.

കേസ് ഫയൽ പരിശോധിച്ചതിൽ 17.05.2023 ന് IA നം 541/2023 പ്രകാരം വിധി പുറപ്പെടുവിച്ചതിൽ എതിർ കക്ഷിയായ സെക്രട്ടറി, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന് മറ്റ് ഒബ്ജക്ഷനുകളൊന്നും ഇല്ലാത്തതിനാൽ പരാതിക്കാരന്റെ കെട്ടിടത്തിന് Provisional Occupancy അനുവദിക്കേണ്ടതാണ് എന്ന് ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യാവശ്യത്തിനുള്ള 85.42 M2 കെട്ടിടത്തിന് പഞ്ചായത്ത് സഞ്ചയയിലെ നമ്പറിന്റെ കൂടെ Temp എന്ന് ചേർത്തി നമ്പർ (5/350-A(Temp), 5/350-B(Temp),5/350-C(Temp), 5/350-D(Temp),5/350-E(Temp),)അനുവദിക്കുകയും നമ്പർ അനുവദിച്ച സെക്രട്ടറിയുടെ കുറിപ്പിൽ കോടതിവിധി പ്രകാരം കൊടുക്കുന്ന നമ്പർ എന്നും കോടതിയുടെ അന്തിമ വിധിക്കനുസരിച്ച് മാറ്റങ്ങൾ വരുന്നതായിരിക്കും എന്ന് ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

അപാകതകൾ

1. അഡ്വ. നജ്മുദ്ദീൻ ട്രൈബ്യൂണലിൽ ഹാജരാകാതിരുന്നതു കൊണ്ടാണ് ചട്ടവിരുദ്ധമായ നിർമ്മാണമായിട്ടും പരാതിക്കാരന് അനുകൂലമായി വിധി വന്നത്. അഡ്വക്കേറ്റ് ട്രൈബ്യൂണലിൽ ഹാജരാകാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2.കേസിന് അപ്പീൽ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3.വിധി ന്യായത്തിൽ Provisional Occupancy അനുവദിക്കുന്നതിനാണ് ഉത്തരവുണ്ടായിരുന്നത്. എന്നാൽ പഞ്ചായത്ത് സഞ്ചയയിൽ Authorised Building ൽ നമ്പർ നൽകിയതിന്റെ കൂടെ Temp എന്ന് ചേർത്ത് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ നമ്പർ അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.36/02.08.2023)നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്.സി. വനിതകൾക്ക് വാട്ടർ ടാങ്ക് - ടെണ്ടർ നടപടികളിലെ വീഴ്ച-50,625/- രൂപ നഷ്ടം

പ്രോജക്ട് നമ്പർ- 188/23 എസ്.സി. വനിതകൾക്ക് വാട്ടർ ടാങ്ക്

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-3,00,000/-(എസ്.സി.പി. ഫണ്ട് 2,25,000/-, ഗുണഭോക്തൃ വിഹിതം 75,000/-)

ചെലവ് തുക – 236250/-
ബിൽ നമ്പർ - BRN 22150852026701353002/15.03.2023-₹ 1,00,032/-(എസ്.സി.പി. ഫണ്ട് )
BRN 22150852026701132022/0302.2023-₹ 77,155/-(എസ്.സി.പി. ഫണ്ട് )
വൗച്ചർ നമ്പർ 22200867/03.02.2023 - ₹32,287/- (സ്ഥാപനത്തിൽ അടവാക്കിയ ഗുണഭോക്തൃ വിഹിതം)
വൗച്ചർ നമ്പർ 22201136/31.03.2023-₹26,776/- (സ്ഥാപനത്തിൽ അടവാക്കിയ ഗുണഭോക്തൃ വിഹിതം)
ആകെ -2,36,250/-

എസ്.സി. വനിതകൾക്ക് 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കിയും 500 ലിറ്ററിന്റെ വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജകട് വിഭാവനം ചെയ്തത്. മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ Zain Electro World & Cook Ware , Vilathur. Palakkad എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 2,36,250/-രൂപ (ഇൻവോയ്സ് നമ്പർ B2C 264/24.01.2023 129150 -41 എണ്ണം, B2C 276/26.01.2023 34എണ്ണം) നൽകിയാണ് 75 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുള്ളത് (ഒന്നിന് 3150/- രൂപ പ്രകാരം).

വാട്ടർ ടാങ്ക് വാങ്ങുന്നതിന് ടെണ്ടറുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | സ്ഥാപനം | തൂക്കം(വാട്ടർ ടാങ്ക് -3 Layers White 500 Litre) | വില | റിമാർക്സ് |
|---|---|---|---|---|
| 1 | Zain Electro World & Cook Ware , Vilathur. Palakkad | 8-9 കി.ഗ്രാം | 3150 (ജി.എസ്.ടി. ഉൾപ്പെടെ) | ടെണ്ടർ അംഗീകരിച്ച സ്ഥാപനം |
| 2 | South In Polymers,vilayannoor, Thenkurushi, Palakkad, | 13 കി.ഗ്രാം | 2475(ജി.എസ്.ടി. ഉൾപ്പെടെ) | കുറവ് തുക ക്വാട്ട് ചെയ്ത് സ്ഥാപനം |
| | | 16 കി.ഗ്രാം | 3070ജി.എസ്.ടി. ഉൾപ്പെടെ) | |
| 3 | BS GST Agencies,NH Junction Kuttippuram | 12.2കി.ഗ്രാം | 2400 | |
| 4 | Asim Designing & Interiors, Kozhikkode | 12.5കി.ഗ്രാം | 2950 | |
| 5 | Dream Home Furniture&Ineriors, Balussery | 13കി.ഗ്രാം | 2935 | |

വാട്ടർ ടാങ്ക് വാങ്ങുന്നതിന് മേൽ പ്രകാരം ടെണ്ടറുകൾ ലഭിച്ചതിൽ ക്രമ നമ്പർ 2, 3 എന്നീ സ്ഥാപനങ്ങൾ (South In

Polymers, Vilayannoor, Thenkurushi, Palakkad, BS GST Agencies, NH Junction Kuttippuram) ക്രമ നമ്പർ 1 സ്ഥാപനത്തേക്കാൾ (Zain Electro World & Cook Ware , Vilathur. Palakkad) കൂടുതൽ തൂക്കമുള്ള വാട്ടർ ടാങ്കം കറവ് വിലയും ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെയാണ് ക്രമ നമ്പർ 1 ന്റെ ടെണ്ടർ അംഗീകരിച്ച് വാട്ടർ ടാങ്ക് വാങ്ങിയിട്ടുള്ളത്. എന്നാൽ ടെണ്ടറുകൾ ലഭിച്ചതിൽ ക്രമ നമ്പർ 2 (South In Polymers,vilayannoor, Thenkurushi, Palakkad ) ക്വാട്ട് ചെയ്തിട്ടുള്ള 13 കി.ഗ്രാം തൂക്കമുള്ള വാട്ടർ ടാങ്കിന് നികുതിയടക്കം 2475 രൂപ മാത്രമാണ് ഉള്ളത്. ആയത് പരിഗണിക്കാതെ 3150 രൂപ പ്രകാരം വാട്ടർ ടാങ്ക് വാങ്ങിയതിനാൽ ഒരു ടാങ്കിന് 675 രൂപ അധികം നൽകി. ഇപ്രകാരം 75 എണ്ണത്തിന് 50,625 രൂപ അധികം നൽകി (3150*75=236250-2475*75=185625).

2. പ്രോക്യൂർമെന്റ് കമ്മിറ്റി മിനട്സ് പരിശോധിച്ചതിൽ മേൽ വാങ്ങൽ നടപടികളെ കുറിച്ച് യാതൊരു തീരുമാനവും കമ്മിറ്റി എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

3. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ റിപ്പോർട്ടില്ലാതെ ഭരണ സമിതി 8.12.2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം Zain Electro World & Cook Ware , Vilathur. Palakkad എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ടി സ്ഥാപനത്തേക്കൾ കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുണ്ടായിരിക്കേ അവരെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9/23 തീയതി.31.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിക്കാതെ വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം ചെയ്തതിൽ അധികമായി ചെലവഴിച്ച 50,625/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്.

## 3-2 ആയുർവേദ ഡിസ്പൻസറി മെയിന്റനൻസ് - കരാറുകാരന് അധികം നൽകിയത് 5214 രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവേദ ഡിസ്പൻസറി മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ കെട്ടിടത്തിലെ ചുറ്റമതിലിന് ഗേറ്റ് നിർമ്മിച്ചതിനും നിലവിലുള്ള റൂഫിംഗ് ഷീറ്റ് നീട്ടുക എന്നീ പ്രവൃത്തികൾക്ക് വേണ്ടി DAR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. പ്രവൃത്തി സ്ഥലം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 2.8.23 ന് നേരിൽ സന്ദർശിച്ചു. റൂഫിംഗ് ഷീറ്റ് ചെയ്തിട്ടുള്ളത് GI Pipe കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു.

പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്ക് (ഗേറ്റ്), DAR Code 50.10.2 പ്രകാരമുള്ള നിരക്ക് (Single Section Work) എന്നിവ പ്രകാരമാണ്.

പ്രസ്തുത ഡാറ്റകളിൽ നിന്നും ഈ വസ്തുത വ്യക്തമാണ്. തെറ്റായ നിരക്ക് അനുവദിച്ചതിലൂടെ കരാറുകാരന് അധികം തുക നൽകാനിടയായി. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് നമ്പർ - SO237/23

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (NR)

സാങ്കേതികാനുമതി തുക – 2,00,000

കരാറുകാരൻ - യൂസുഫ് ചുങ്കത്ത്

അളവ് പുസ്തകം - E M Book

കരാർ - 42/ 26.12.22

മൂല്യനിർണ്ണയം - 175099

BRN - 2215085203640146 3156/24.3.23-

175099

Coi -36.44% (DSoR 2018 )

Esti. No- LSGD/CELSGD/EST/59452/2022 5_1_1

TS No- LSGD/CELSGD/EST/59452/2022 5_1_1/1.11.22

<u>അനുവദിച്ച തുക (DAR 10.16.1 പ്രകാരം)</u>

297.162 Kg X 169.88/kg = 50481.88

അനുവദിക്കാവുന്ന തുക

(DAR 10.25.2 , 50.10.2 എന്നിവ പ്രകാരം )

278 Kg X 155.13/kg = 43126.14 (For Gate) (DAR 10.25.2)

19.162 Kg X 153.29/ Kg = 2937.34 (For Single Section Work) (DAR 50.10..2)

Total = 46063.48

കരാറുകാരന് അധികം നൽകിയത്

50481.88 - 46063.48 = 4418.40 + 18% = 5214

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 16/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം 5214 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 മുക്കിലപീടിക-കുണ്ട് കുളങ്ങരപ്പടി അഴുക്ക് ചാൽ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു– കരാറുകാരന് അധികം നൽകിയത് 23,937

പ്രോജക്റ്റ് - SO228/23
ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)
ബിൽ - 22150852036401365621/15.3.23 -379831
എം. ബുക്ക് - E M Book
കരാർ - 31/23.12.22 (Estimate Rate)
മൂല്യനിർണ്ണയം - 379831
കരാറുകാരൻ - മനോമോഹനൻ. NP
Cost Index -36.44% (MoRD 2018)
Esti. No.- LSGD/CELSGD/EST/80553/2022/5_1_1
TS- LSGD/CELSGD/EST/80553/2022/5_1_1/16.11.22 - 4,00,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുക്കിലപീടിക -കുണ്ട് കുളങ്ങരപ്പടി അഴുക്ക് ചാൽ നിർമ്മാണം നിർമ്മാണം എന്ന പ്രവൃത്തി 2.8.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പ്രവൃത്തിയുടെ അളവു പുസ്തകം ഇനം 4 പ്രകാരം പ്രവൃത്തിയുടെ Bed Concreting (MoRD Code 75.8.1.)2.427 എം3 അളവിൽ ചെയ്തതിന് 23937 രൂപ (20285.59+ 18% GST) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ഇനം പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

2.427 M3 X 8358.30/m3 = 20285.59 + 18% = 23937

ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് നൽകിയ 23937 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 35/2.8.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ട തുക 23937 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 കളരിക്കൽ തിരുത്ത് പാടം ട്രാക്റ്റർ റാമ്പ് നിർമ്മാണം - അപാകത – കരാറുകാരന് അധികം നൽകിയത് 6253 രൂപ

പ്രോജക്റ്റ് നമ്പർ - SO259/23
ഫണ്ട് - വികസന ഫണ്ട് (G)
കരാറുകാരൻ - മനോമോഹനൻ.NP
അളവ് പുസ്തകം - E M Book
കരാർ - 88/ 24.3.22
മൂല്യനിർണ്ണയം - 65393

BRN - 22150852036401571496/31.3.23

Cost Index - 36.44% ( DSoR 2018)

Esti. No- LSGD/CELSGD/EST/2811/2023_5_1_1

TS No- LSGD/CELSGD/EST/2811/2023_5_1_1/2.3.22

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കളരിക്കൽ തിരുത്ത് പാടം ട്രാക്റ്റർ റാമ്പ് നിർമ്മാണം എന്ന പ്രവൃത്തി 2.8.23 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രവൃത്തിയുടെ അളവു പുസ്തകം ഇനം 7 പ്രകാരം പ്രവൃത്തിയുടെ Name Board സ്ഥാപിച്ചതിന് 2360 രൂപ (2000+ 18% GST) കരാറുകാരന് അനുവദിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ടി ഇനം പ്രവൃത്തിയിൽ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

2. Non-Pressure NP2 Class (Light Duty) RCC Pipe സ്ഥാപിച്ചതിന് എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്യാതെ തുക നൽകിയതിനാൽ കരാറുകാരന് 3893 രൂപ അധികം നൽകി.

എസ്റ്റിമേറ്റ് പ്രകാരം

4 Metre X 1649.61/metre = 6598.44

അനുവദിച്ച നൽകിയത്

6 Metre X 1649.61/metre = 9897.66

അധികം നൽകിയത് - 9897.66 – 6598.44 = 3299.22 + 18% = 3893

പ്രവൃത്തിയിൽ ആകെ അധികം നൽകിയത് – 6253 രൂപ

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 33/2.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 6253 രൂപ പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 അമ്പാൾ അങ്കൺവാടി നമ്പർ 60 ഷീറ്റ് റൂഫിംഗ് - തെറ്റായ നിരക്ക് നൽകി- കരാറുകാരന് അധികം നൽകിയത് 4214 രൂപ

പ്രോജക്റ്റ് - S098/23

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 22150852036401365129/15.3.23 -96366

എം. ബുക്ക് - E M Book

കരാർ - 15/22.12.22 (Estimate Rate)

മൂല്യനിർണ്ണയം - 96366

കരാറുകാരൻ - രാജേഷ്. P

Cost Index -36.44% (DSoR 2018)

Esti. No.- LSGD/CELSGD/EST/50228/2022/5_1_1

TS- LSGD/CELSGD/EST/50228/2022/5_1_1/19.10.22 1,00,000

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ അമ്പാൾ അംഗൻവാടി ഷീറ്റ് ഫൂഫിംഗ് എന്ന പ്രവൃത്തിയിൽ ഇനം 5 പ്രകാരം ചെയ്തിട്ടുള്ള GI പൈപ്പുകൾ കൊണ്ടുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് DAR 10.16.1 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്നത് DAR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

(പ്രവൃത്തി സ്ഥലം ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 2.8.23 ന് നേരിൽ സന്ദർശിച്ചു. പ്രവൃത്തി GI Pipe കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു.)

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 215.244 Kg X 169.88/kg = 36565.65 | 215.244 Kg X 153.29/kg = 32994.75 | 4214<br>(3570.90+18 GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 4214 രൂപ

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 21/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 4214 രൂപ പ്രവൃത്തിയുടെ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി-നഷ്ടം 8075 രൂപ

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി ചെയ്തതിന് DAR Code 7.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘനയൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|
| വലിയതോട് സൈഡ് കെട്ടൽ (SO067/23)<br>ഫണ്ട് - വികസന ഫണ്ട്<br>BRN-22150852036400143692/28.5.22-175362<br>20150852036400186960/21.5.20-215779<br>മൂല്യനിർണ്ണയം - 391141<br>കരാർ 93/03.2.2020 ( Tender Below -0.1%)<br>അളവ് പുസ്തകം 119/19-20<br>കരാറുകാരൻ- NP.മനോമോഹനൻ<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>TS No-104723/20.1.20<br>Est.No-2020/1692 | 59.91 $M^3$<br>ഇനം 3 | 311390.61<br>@5197.64/$m^3$ | 304173.25<br>@5077.17/$m^3$ | 8075<br>(7217.36-0.1% (Tender Below)+12GST) |

തൻവർഷം ചെയ്തിട്ടുള്ള മറ്റ് പ്രവൃത്തികളിൽ പ്രവൃത്തികളുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി (DAR Code 7.1.1) ചെയ്തതിന് സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് നിരക്ക് അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ല എന്ന് വ്യക്തമാണ്.

(ഉദാ - പഞ്ചനാട്ടുകുളം മെയിന്റനൻസ് (Proj-242/23, വെണ്ടല്ലൂർ പടിഞ്ഞാറെതോട് സൈഡ് പ്രൊട്ടക്ഷൻ ( Proj-264/23), അംഗൻവാടി കിണർ അറ്റകുറ്റപണി - വാർഡ് 14 ( Proj-18/23))

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/1.8.23) അധികം നൽകിയ തുക തിരികെ അടവാക്കുന്നതാണെന്ന് മറുപടി നൽകി. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ് അല്ലാത്ത പക്ഷം നഷ്ട തുക 8075 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അഗീകാരം നൽകിയ അസി .എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-7 വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി - തെറ്റായ നിരക്ക് നൽകി- കരാറുകാരന് അധികം നൽകിയത് 5455 രൂപ

പ്രോജക്റ്റ് - SO240/23

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 22150852036401540496/28.3.23 -305730

എം. ബുക്ക് - E M Book

കരാർ - 105/15.3.23 (Estimate Rate)

മൂല്യനിർണ്ണയം - 305730

കരാറുകാരൻ - മനോമോഹനൻ.NP

Cost Index -36.44% (DSoR 2018)

Esti. No.- LSGD/CELSGD/EST/6486/2023/5_1_1

TS- LSGD/CELSGD/EST/6486/2023/5_1_1/19.1.23 --4,40,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ അംഗൻവാടികളുടെ അറ്റകുറ്റപണി എന്ന പ്രവൃത്തിയിൽ 4 അംഗൻവാടികളുടെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. ഇതിൽ വാർഡ് 14 ലെ 65 ാം നമ്പർ അംഗൻവാടി കെട്ടിടത്തിന് ഷീറ്റ് റൂഫിംഗ് ചെയ്യപ്പോൾ ഇനം 10 പ്രകാരം GI പൈപ്പുകൾ കൊണ്ടുള്ള പോസ്റ്റുകൾ സ്ഥാപിച്ചതിന് DAR Code 50.10.1 പ്രകാരമുള്ള നിരക്ക് വച്ച് തുക അനുവദിച്ച് നൽകി. ട്രസ്സ് വർക്ക് പ്രവൃത്തികൾക്കാണ് DAR 50.10.1 കോഡ് പ്രകാരമുള്ള നിരക്ക് അനുവദിക്കേണ്ടത്. മേൽ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് 7 പോസ്റ്റുകൾ സ്ഥാപിക്കുകയാണ്. ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR Code 10.1 പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

(മറ്റ് 3 അംഗൻവാടികളുടെ ഷീറ്റ് റൂഫിംഗ് നടത്തിയതിൽ GI പൈപ്പ് ഉപയോഗിച്ച് പോസ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് DAR Code 10.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.)

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 51.840 Kg X 191.08/kg = 9905.59 | 51.840 Kg X 101.91/kg = 5283.01 | 5455<br>(4622.58+18 GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - 5455 രൂപ

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 22/1.8.23) തുക കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 5455 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | ലഭിച്ച | പദ്ധതിയുടെ | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | തുക | പേര്,നം | തുക | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 899998 | 156/23 സുസ്ഥിര നെൽ കൃഷി വികസനം | 899998 | ० |
| | 148224 | 214/23 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 148224 | 0 |
| | 1758553 | 79/23 ലൈഫ് ഭവന പദ്ധതി 2021-22 വീട് നിർമ്മാണം എസ് സി | 1758553 | 0 |
| | 760000 | 312/23 ലൈഫ് ഭവന നിർമ്മാണം എസ് സി | 760000 | 0 |
| | 1500000 | 185/23 ലൈഫ് ഭവന നിർമ്മാണം എസ് സി | 1500000 | ० |
| | 440000 | 184/23 ലൈഫ് ഭവന പദ്ധതി 2022-23 വീട് നിർമ്മാണം ജനറൽ | 440000 | ० |
| | 600000 | 72/23 ഭിന്ന ശേഷി സ്കോളർഷിപ്പ് | 600000 | 0 |
| ആകെ | 6106775 | | 6106775 | 0 |
| ജില്ലാ പഞ്ചായത്ത് | 1199935 | 156/23 സുസ്ഥിര നെൽ കൃഷി വികസനം | 1199935 | 0 |
| | 19282 | 203/23 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 19282 | 0 |
| | 760000 | 312/23 ലൈഫ് ഭവന നിർമ്മാണം എസ് സി | 760000 | 0 |
| | 1640000 | 185/23 ലൈഫ് ഭവന നിർമ്മാണം എസ് സി | 1640000 | 0 |
| | 2200000 | 184/23 ലൈഫ് ഭവന പദ്ധതി 2022-23 വീട് നിർമ്മാണം ജനറൽ | 2200000 | 0 |
| | 240000 | 72/23 ഭിന്ന ശേഷി | 240000 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | | |
| | 1235000 | 191/23 എസ് സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | 1235000 | 0 |
| ആകെ | 7294217 | | 7294217 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്/നം | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 177/23 റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | വൗച്ചർ നമ്പർ 222-977/4/3/23 | 100000 | 0 | പൂർത്തീകരിച്ചിട്ടില്ല | 100000 |
| GWD | 278/23 പി എച്ച് സി യിൽ കുഴൽ കിണർ നിർമ്മാണം | 125/21.11.2022 | 71193 | | പൂർത്തീകരിച്ചിട്ടില്ല | 71193 |
| GWD | 270/23 എം എസി എഫിലേക്ക് കുഴൽ കിണർ നിർമ്മാണം | 124/21.11.2022 | 82175 | | പൂർത്തീകരിച്ചിട്ടില്ല | 82175 |
| ആകെ | | | 253368 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ജി.ഒ.(എം.എസ്)നം. 227/LSGD തിയതി 18.08.18 | 4100000 | 4150601 | 2635127 | | 5615474 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീതി നമ്പർ |
|---|---|---|---|---|
| 2019-20 & 2020-21 | 1-12 | 4500 | തൊഴിൽ നികുതി അടവാക്കിയത് | 1220106155/07.03.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1999-2000 | 2(20),2(46) | 2006-07 | 2(20)-KSHR Deposit- ഭവന പദ്ധതി<br>2(46)-വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല |
| 2014-15 | 2(1),2(2).2(3).2(4),2(5) | 2016-17 | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2004-05 | 3-16<br>3-23(2) | PK.ഖാലിദ് സെക്രട്ടറി | LF10419/ Spl.cell/SC /D1/12 /20.9.14 | 3209(3-16)<br>51134(3-23(2) | 54343 | OP No.24/2015 Dt.29.1.18 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 204805466 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 197714636 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 103773 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1863368 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 50625 | ശ്രീ പ്രദീപ് കുമാർ എം ആർ , അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 5214 | ശ്രീമതി. റീജ കെ. പി. ,അസിസ്റ്റന്റ് എഞ്ചിനീയർ -2607 ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-2607 |
| 3-3 | | 23937 | ശ്രീമതി. റീജ കെ. പി. ,അസിസ്റ്റന്റ് എഞ്ചിനീയർ -11968.5 ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-11968.5 |
| 3-4 | | 6253 | ശ്രീമതി. റീജ കെ. പി. ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 4214 | ശ്രീമതി. റീജ കെ. പി. ,അസിസ്റ്റന്റ് എഞ്ചിനീയർ- 2107 ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-2107 |
| 3-6 | | 8075 | ശ്രീമതി. റീജ കെ. പി. ,അസിസ്റ്റന്റ് എഞ്ചിനീയർ- 4037.5 ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-4037.5 |
| 3-7 | | 5455 | ശ്രീമതി. റീജ കെ. പി. ,അസിസ്റ്റന്റ് എഞ്ചിനീയർ- 2727.5 ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-2727.5 |
| | ആകെ | 103773 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 12,00,000 | ശ്രീമതി. അംബിക പൊറ്റേക്കാട്ട് , ഹെഡ് മിസ്ട്രസ്സ് |
| 1-39 | 4,63,368 | ശ്രീമതി താഹിറ എൻ കെ,സെക്രട്ടറി-ഇൻ-ചാർജ്ജ്-100000/- ശ്രീമതി. ശ്രീലത എം. എസ്. സെക്രട്ടറി- 363368 |
| 1-41 | 2,00,000 | ശ്രീമതി താഹിറ എൻ കെ,സെക്രട്ടറി-ഇൻ-ചാർജ്ജ് |
| ആകെ | 18,63,368 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രദീപ് കുമാർ എം ആർ , അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, ജെ ഡി ഓഫീസ് മലപ്പുറം | മുണ്ടേടത്ത് ഗൗരി സദനം പള്ളിക്കൽ ഈസ്റ്റ് തെക്കേക്കര, മാവേലിക്കര |

| | | |
|---|---|---|
| ശ്രീമതി. റീജ കെ. പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് | മേലെ മണക്കാട്ടിൽ (ഹൗസ്) കൊളത്തൂർ. പി.ഒ മലപ്പുറം-679338 |
| ശ്രീ.മനോജ്കുമാർ എം.എസ്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | അശ്വതി, ടി.സി 6/1544(6), അയിത്താടി റോഡ്, പ്രശാന്ത് നഗർ, ഉള്ളൂർ, തിരുവനന്തപുരം -695011 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽ.എഫ്.എം.7/54/80/ തിയ്യതി 21.10.92 | 9 |
| 1985-86 | എൽ.എഫ്.എം.7/1513/90/ തിയ്യതി 21.10.92 | 7 |
| 1988-91 | എൽ.എഫ്.എം.7/866/94/ തിയ്യതി 15.10.94 | 20 |
| 1991-94 | എൽ.എഫ്.എം.7/1456/95/ തിയ്യതി 21.04.95 | 30 |
| 1994-97 | എൽ.എഫ്.എം.8/32/98/ തിയ്യതി 06.04.99 | 04 |
| 2000-01 | എൽ.എഫ്.എം.9/2147/ 07 08.05.2008 | |
| 2001-02(ചെലവ്) | എൽ.എഫ്.എം.9/2148/ 05 12.05.2008 | 04 |
| 2001-02(ചെലവ്) | എൽ.എഫ്.എം.12/ 971/ 05 07.09.2005 | 17 |
| 2002-03(ചെലവ്) | എൽ.എഫ്.എം.12/ 965/ 05 07.11.2005 | 15 |
| 2002-03(വരവ്) | എൽ.എഫ്.എം.9/ 2061/ 08 30.01.2012 | 05 |
| 2003-04 | എൽ.എഫ്.എം.13(17)/493/ 10 27.01.2012 | 17 |
| 2003-04 | എൽ.എഫ്.എം.9/2061/ 08 30.01.2012 | 14 |
| 2004-05 | എൽ.എഫ്.എം.13(17)/1346/ 01 30.01.2012 | 40 |
| 2005-06 | എൽ.എഫ്.എം.9/1583/ 09 12.03.2012 | 26 |
| 2006-07 | എൽ.എഫ്.എം.9/1584/ 09 30.01.2012 | 11 |

| | | |
|---|---|---|
| 2007-08, 2009-10 | എൽ.എഫ്.എം.13/1656/ 12 19.07.2012/ 24.07.2023 | 03 |
| 2010-11 | എൽ.എഫ്.എം.13/1018/13 22.06.2013 | 12 |
| 2011-12, 2012-13 | എൽ.എഫ്.എം13/1201/15/16.12.15 | 09 |
| 2013-14, 2014-15 | നം.കെ.എസ്.എ.എം.പി.എം.13/1626/2013/13-12-16 | 10 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.13/3026 /2016/24.07.23 | 4 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.13/2033 /2017/19.07.2018 | 24 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.13/2983 /2018/27.08.20 | 20 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം;13/203/2020 തിയ്യതി 27.11.20 | 3 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.13/2165/2021 തിയ്യതി-24.07.23 | 5 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.13/2166/2021 തിയ്യതി- 20.07.23 | 5 |
| 2021-22 | നം.കെ.എസ്.എ.എം.പി.എം.13/2581 /2022/12.04.23 | 30 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Irumbiliyum Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Irumbiliyum Grama Panchayat for the year 2022-2023

Date: 07/09/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Irumbiliyum Grama Panchayat for the Year 2022-2023.

**1.Major Observations**

1.The asset value shown in balance sheet is not traceable to Asset Register due to unsupported design of existing Asset Register.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a)Ratios

b)notes on accounts

c) comparative amounts of previous year.

2. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.The accounts recorded on Advance register, Auction register, NREGS cash book statement are not match with the accounts concerned in Annual Financial statements

4.Wrongly accounted in false head

Defects

1) B-11 B Capital work in progress

2)RP-49 Loans, advances and deposit

5.Lapses in making timely and accurate demand entries in respect of property tax.

6.No source document for journal entries

7.Opening Balance of receipts and payments is not matched with last year closing balance.

8.The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Sl No | Item | B-4 | B-17 |
|---|---|---|---|
| 1 | Panchayath yuva krida Aur Khel Abhiyan | 14238 | 14966 |
| 2 | TSC | 802406 | 676106 |
| 3 | SANITATION | 9696 | 11797 |
| 4 | LITERACY | 1696 | 1764 |
| 5 | CFC | 3379097(TIED + UNTIED) | 2578506 |

9) Marriage financial assistance not included I-14(D) Schedule.

10) All assets and liabilities prior to the changeover to the accrual based accounting system are depreciated and not included in the balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്